ഖുർആൻ പഠിക്കുക.! ഖുർആനിലേക്ക് മടങ്ങുക..!!

# ആദമും ഹവ്വയും

## നാം പഠിക്കാത്ത ചില ഖുർആനിക പാഠങ്ങളും

സുന്നി – മുജാഹിദ് – ജമാഅത്ത് – ശിയാ

ഖുർആൻ പരിഭാഷകളിലെ ഗുരുതരമായ അബദ്ധങ്ങൾ


ഡോ:എം. അബ്ദുൽ ജലീൽ, പുറ്റെക്കാട്
ഖുർആൻ സുന്നത്ത് സൊസൈറ്റി
കേന്ദ്ര നിർവ്വാഹക സമിതി അംഗം
ചെയർമാൻ, ഇസ്ലാമിക് റിസർച്ച് ആൻഡ്
പ്രൊപ്പഗേഷൻ സെന്റർ (IRPC)
കോഴിക്കോട്.

ഖുർആൻ പഠിക്കുക.!

ഖുർആനിലേക്ക് മടങ്ങുക..!!

# ആദമും ഹവ്വയും

## നാം പഠിക്കാത്ത ചില ഖുർആനിക പാഠങ്ങളും

സുന്നി - മുജാഹിദ് - ജമാഅത്ത് - ശിയാ

ഖുർആൻ പരിഭാഷകളിലെ ഗുരുതരമായ അബദ്ധങ്ങൾ

**ഡോ:എം. അബ്ദുൽ ജലീൽ, പുറ്റെക്കാട്**
ഖുർആൻ സുന്നത്ത് സൊസൈറ്റി
കേന്ദ്ര നിർവ്വാഹക സമിതി അംഗം
ചെയർമാൻ, ഇസ്ലാമിക് റിസർച്ച് ആൻഡ്
പ്രൊപ്പഗേഷൻ സെന്റർ (IRPC)
കോഴിക്കോട്.

# <u>ആദമും ഹവ്വയും നാം പഠിക്കാത്ത ചില ഖുർആനിക പാഠങ്ങളും</u>

1. ആദമിന്റെയും ഇണയുടെയും വീഴ്ചയിൽനിന്ന് ഓരോ മനുഷ്യരും പാഠം പഠിക്കണമെന്ന് വിശുദ്ധ ഖുർആൻ!

2. ഈ ഭൂമി ഒരു സ്വർഗ്ഗമാകുന്നു. ഇവിടം ഒരു ഏദൻ തോട്ടമാകുന്നു. ഇവിടെ ഓരോ മനുഷ്യർക്കും ഒരായുഷ്ക്കാലം മുഴുവൻ സുഖമായി ജീവിക്കാനുള്ള വിഭവങ്ങൾ അല്ലാഹു(ദൈവം) ഒരുക്കിയിരിക്കുന്നു. എന്നാൽ മനുഷ്യന്റെ ഒരിക്കലും അവസാനിക്കാത്ത അത്യാഗ്രഹമാണ് പ്രശ്നങ്ങളും പ്രയാസങ്ങളും ഉണ്ടാക്കുന്നതെന്ന് വിശുദ്ധ ഖുർആൻ!

3. ഓരോ മനുഷ്യരുടെയും അടിസ്ഥാന ആവശ്യങ്ങളാണല്ലോ ഭക്ഷണം, വസ്ത്രം, പാർപ്പിടം; ഭൂമിയിലുള്ള എല്ലാ മനുഷ്യരുടെയും അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റാൻ പര്യാപ്തമായ വിഭവങ്ങൾ അല്ലാഹു ഇവിടെ ഒരുക്കിയിട്ടുണ്ട്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ ദൈവത്തിന്റെ ഈ ഭൂമി സ്വയം പര്യാപ്തമാകുന്നു. എന്നാൽ മനുഷ്യന്റെ പൈശാചിക പ്രവണതകളും, ഭീതിപ്പെടുത്തുന്ന വിവേചനരഹിതമായ സമ്പാദ്യശീലവുമാണ് അസ്വസ്ഥതകളും, കക്ഷിമാത്സര്യങ്ങളും, യുദ്ധങ്ങളും, വഴക്കുകളും വിതയ്ക്കുന്നത്.!

4. അശ്രദ്ധ, അസൂയ, പൊങ്ങച്ചം, പക, ദുർവ്യയം, പിശുക്ക്, കളവ്, കൊലപാതകം, ദൈവനിഷേധം എന്നിങ്ങനെയുള്ള കനികൾ വിളയുന്ന — കാമക്രോധമോഹാദികളാൽ നട്ടുവളർത്തപ്പെടുന്ന — ദുരാഗ്രഹം — അല്ലെങ്കിൽ — അത്യാഗ്രഹമാകുന്ന ആ മരത്തിൽനിന്ന് (ധർമ്മ നിഷ്ഠയോടെ) വിട്ടുനിൽക്കണമെന്ന് വിശുദ്ധ ഖുർആൻ.!

5. 'മനുഷ്യപിതാവ്', ഭൂമിയിലെ ആദ്യത്തെ വിശേഷബുദ്ധിയുള്ള മനുഷ്യൻ! ' ദൈവദൂതൻ' എന്നതിലുപരി ' ആദം ജീവിച്ചിരിക്കുന്ന ഓരോ മനുഷ്യന്റെയും പ്രതീകം തന്നെയാണെന്ന് വിശുദ്ധ ഖുർആൻ.!

ആദമും(ആധുനിക മനുഷ്യന്റെ പ്രതീകം-Human Being, Man Kind), അവന്റെ ഇണയും(കുഴപ്പമുണ്ടാക്കാൻ കൂടെനിൽക്കുന്ന ഉപചാപക വൃന്ദവും), ഈ ഭൂമിയും(ഏദൻ തോട്ടവും), മരണമില്ലാത്ത മനുഷ്യന്റെ മോഹങ്ങളും, അത്യാഗ്രഹങ്ങളും, ഇന്നും നമ്മിലൂടെ ജീവിക്കുന്നു..! ആദമും ഇണയും മരിച്ചിട്ടില്ല..!! ഇപ്പോഴൊന്നും മരിക്കുകയുമില്ല..!! ഖുർആൻ പഠിക്കുക! ഖുർആനിലേക്കു മടങ്ങുക..!!! (12:111) (4:26) (7:11-27) (20:116-120) (38:75) (2:30-39) (5:27) (7:172, 176) (15:26-43,44) (18:50)

## ആദമും ഹവ്വയും നാം പഠിക്കാത്ത ചില ഖുർആനിക പാഠങ്ങളും

വിശുദ്ധ ഖുർആൻ ചില ചരിത്ര സംഭവങ്ങൾ സംക്ഷിപ്തമായി നമുക്ക് പറഞ്ഞുതരുന്നുണ്ട്. ആദം നബിയുടെ ചരിത്രം, നൂഹു നബിയുടെ ചരിത്രം, ഇബ്രാഹിം നബിയുടെ ചരിത്രം, യൂസുഫ് നബിയുടെ ചരിത്രം... അങ്ങനെ ഒരു പാട് ചരിത്രസംഭവങ്ങൾ. അത്തരം കഥകളും, ചരിത്ര സംഭവങ്ങളുമൊക്കെ നമുക്ക് പറഞ്ഞുതരുന്നത് അതിൽ നിന്ന് ചില ഗുണപാഠങ്ങൾ നാം പഠിക്കാൻ വേണ്ടിയാണ് എന്നും ഖുർആൻ ഉണർത്തുന്നു. (12:111, 4:26) ഈ കഥകളൊക്കെ പറയുമ്പോൾ നിഗൂഢമായ അർത്ഥങ്ങളുള്ള പ്രതീകാത്മകമായ വർണ്ണനകൾ - ചില പദങ്ങളും വചനങ്ങളും, ഉപമകളും - ചില ഭാഗങ്ങളിൽ കൊടുത്തിട്ടുണ്ട്. വേദഗ്രന്ഥത്തിലെ അത്തരം പ്രതീകാത്മക പദങ്ങളെയും, വർണ്ണനകളെയും, ഉപമകളെയും മുതലെടുത്തുകൊണ്ടാണ് ചൂഷകരായ ചില പുരോഹിതന്മാർ പല കള്ളക്കഥകളും, ദുർവ്യാഖ്യാനങ്ങളും ഖുർആനിന് നൽകിയത്. ആ കള്ളക്കഥകളിൽ നിന്നും പുരാണങ്ങളിൽ നിന്നും - അതുവഴി അവർ വളർത്തിയെടുത്ത അന്ധവിശ്വാസങ്ങളിൽ നിന്നും, നമുക്ക് മോചനം വേണമെങ്കിൽ വിശുദ്ധ ഖുർആന് 'താത്വികമായ ഒരു പുനർവായന' ആവശ്യമാണ്. ആ തരത്തിലുള്ള ഒരു താത്വികമായ വായനയുടെ ഒരു ചെറിയ ഉദാഹരണമാണ് 'ആദമും ഹവ്വയും' എന്ന നമ്മുടെ ഇന്നത്തെ ചിന്താവിഷയം.

**ആദമും ഹവ്വ (?) യും** : മനുഷ്യപിതാവായ ആദമിനെയും ഇണയെയും അല്ലാഹു സൃഷ്ടിച്ചു. അങ്ങനെ അവരെ സ്വർഗത്തിലാക്കി. എന്നിട്ട് ആദമിനോട് അല്ലാഹു പറഞ്ഞു. '....ആദമേ ഇതാ എന്റെ സ്വർഗ്ഗം. നിനക്ക് വേണ്ടി ഞാൻ ഒരുക്കിയ മനോഹരസ്വർഗ്ഗം. ഇവിടെ നീയും നിന്റെ ഇണയും സുഖമായി താമസിച്ചുകൊള്ളുക. നിനക്കിവിടെ വിശക്കാതെയും നഗ്നനാകാതെയും കഴിയാം. നിനക്കിവിടെ വെയിൽ കൊള്ളാതെയും, ദാഹിക്കാതെയും കഴിയാം. പക്ഷെ ഞാൻ ഒരു കാര്യം നിന്നെ ഓർമ്മിപ്പിക്കുന്നു. ഇവിടെ ഒരു ചങ്ങാതിയുണ്ട് - ഇബ്ലീസ് (ചെകുത്താൻ). അവനെയും ഞാൻ പടച്ചതുതന്നെയാണ്. അവൻ നിനക്ക് പാരയാണ്. നിന്നെ - മനുഷ്യനെ - സൃഷ്ടിക്കാൻ ഞാൻ തീരുമാനിച്ചപ്പോൾ തന്നെ അതു മുടക്കാൻ ശ്രമിച്ചവനാണവൻ. നിനക്കു പാരവെച്ചവനാണവൻ. നിന്നെ പിഴപ്പിക്കുമെന്ന് പലപ്പോഴും എന്നോട് അവൻ ആണയിട്ടുപറഞ്ഞിട്ടുണ്ട്. അവൻ എന്നെ വെല്ലുവിളിച്ചിട്ടുമുണ്ട്. എന്നിൽ വിശ്വസിക്കുന്ന എന്റെ നിഷ്കളങ്കദാസൻമാരെ ഒരിക്കലും നിനക്ക് വഴി പിഴപ്പിക്കാൻ പറ്റില്ലെന്ന് ഞാൻ അതിന് മറുപടിയും നൽകിയിട്ടുമുണ്ട്. ആ പിശാച് നിന്റെ പ്രത്യക്ഷ ശത്രുവാണ്. അവൻ നിന്റെ അടുത്തുവരും. എന്നിട്ട് അനശ്വരത നൽകുന്ന ഒരു വൃക്ഷം - ഒരു മരം - അവൻ നിനക്ക് കാണിച്ചുതരും. ആ മരത്തോട് നീ അടുക്കരുത്. അങ്ങനെ ആ ഇബ്ലീസു പറയുന്നത് കേൾക്കാതെ - ഞാൻ പറയുന്നതനുസരിച്ച് - ആ മരത്തോട് അടുക്കാതെ - ഈ സ്വർഗത്തിൽ നീ വസിക്കുകയാണെങ്കിൽ, നീ എന്നെന്നും സന്തോഷവാനായിരിക്കും. നീ എന്നെന്നും സംതൃപ്തനായിരിക്കും'. അങ്ങിനെ ആദമും ഹവ്വയും സ്വർഗ്ഗത്തിൽ വിഹരിച്ചുകൊണ്ടിരിക്കെ ഒരു ദിവസം ഇബ്ലീസ് വന്നു. എന്നിട്ട് ആദമിനോട് ദുർമന്ത്രണം നടത്തി. ആദമിനെ അവൻ ഉപദേശിച്ചു. എന്താണുപദേശിച്ചത് ? 'ആദമേ ആ മരത്തിലേക്ക് നിന്നോടടുക്കരുതെന്ന് അല്ലാഹു പറഞ്ഞുവോ? എങ്കിൽ അല്ലാഹു നിന്നെ വഞ്ചിച്ചിരിക്കുകയാണ്. കാരണം, ആ മരമുണ്ടല്ലോ.. ആ 'മരത്തിലെ കനികൾ' തിന്നാൽ ഒരു കാലത്തും നീ മരിക്കില്ല. ആ മരത്തിലെ കനി ഭക്ഷിച്ചാൽ നീയും നിന്റെ ഭാര്യയും അനശ്വരരായിത്തീരും. ദൈവത്തെപ്പോലെ ആയിത്തീരും. അതുകൊണ്ടാണ് സമർത്ഥനായ പടച്ചോൻ നിന്നെ ആ മരത്തിൽ നിന്ന് വിലക്കിയത്. യഥാർത്ഥത്തിൽ ദൈവം നിന്നെ വഞ്ചിക്കുകയാണ്. അതുകൊണ്ട് ഞാൻ പറഞ്ഞത് കേൾക്കൂ. ആ കനി തിന്നൂ... അനശ്വരാനാകൂ..!' അങ്ങിനെ ആദമും ഇണയും ആ മരത്തിൽ നിന്ന് - ആ വിലക്കപ്പെട്ട കനി തിന്നാൻ തുടങ്ങി... അങ്ങിനെ അവരുടെ നഗ്നത വെളിപ്പെടുകയും അവർ ശപിക്കപ്പെട്ടവരാകുകയും അവർ സ്വർഗ്ഗത്തിലെ ഇലകൾ പറിച്ച് നാണം മറയ്ക്കാൻ തുടങ്ങുകയും ചെയ്തു. ആ അവസരത്തിൽ ദൈവം - അല്ലാഹു - വീണ്ടും ആദമിനുമുമ്പിൽ പ്രത്യക്ഷപ്പെട്ടു.. എന്നിട്ട് വളരെ ദേഷ്യത്തോട് കൂടി അല്ലാഹു പറഞ്ഞു. 'ആദമേ.. കടക്കൂ പുറത്ത്... ഈ സ്വർഗ്ഗത്തിൽ നിന്ന് നീയും നിന്റെ ഇണയും പുറത്തായിരിക്കുന്നു.. ഞാൻ വിലക്കിയ കനി നീയും നിന്റെ ഇണയും തിന്നിരിക്കുന്നു. ഞാൻ നിന്നെ പിഴപ്പിച്ച ആ 'ചങ്ങാതി' യെക്കുറിച്ച് - ഇബ്ലീസിനെക്കുറിച്ച് - ആദ്യമേ തന്നെ മുന്നറിയിപ്പ് നൽകിയിരുന്നു. അപകടസൂചനകൾ തന്നിരുന്നു. പക്ഷെ നീയതു കണക്കിലെടുത്തില്ല. നന്റെ രക്ഷിതാവായ - നിന്റെ അഭ്യുദയകാംക്ഷിയായ ഞാൻ പറഞ്ഞതുകേൾക്കാതെ നീ ഇബ്ലീസിന്റെ പ്രേരണയാൽ ആ വിലക്കപ്പെട്ട കനി തിന്നു. അതിനാൽ നീ ഈ സ്വർഗ്ഗീയാരാമത്തിൽ നിന്ന് പുറത്തായിരിക്കുന്നു...!!.' ആദമും ഹവ്വയും - അല്ലെങ്കിൽ ആദമും ആദമിന്റെ ഇണയും അങ്ങനെ നിരാശരായി... അവർ സ്വർഗ്ഗത്തിൽ നിന്നും പുറത്തായി..!! പക്ഷേ ആദം ഖേദിച്ചു മടങ്ങി.. തന്റെ തെറ്റിനു മാപ്പുതരണമെന്നും, പ്രായശ്ചിത്തം ചെയ്യാൻ അവസരം നൽകണമെന്നും തനിക്ക് പൊറുത്തുതരണമെന്നും ആദം അല്ലാഹുവിനോട് കരഞ്ഞപേക്ഷിച്ചു. ഒടുവിൽ അല്ലാഹു ആദമിന്റെയും ഇണയുടെയും പശ്ചാത്താപം സ്വീകരിച്ചു. അല്ലാഹു പറഞ്ഞു, 'ഞാൻ നിനക്കു ചില വചനങ്ങൾ പഠിപ്പിച്ചുതരാം. അതുമുഖേന നീയും

നിന്റെ ഇണയും സന്താനങ്ങളും എന്നോട് പാപമോചനം തേടിക്കൊൾക. നിങ്ങളുടെ പ്രത്യക്ഷ ശത്രുവായ ശൈത്താനെതിരിൽ എപ്പോഴും ആ വചനങ്ങൾ മുഖേന ജാഗരൂകരായിരിക്കുക. എന്റെ വചനങ്ങളുമായി - എന്റെ സന്ദേശങ്ങളുമായി വരുന്ന ദൈവദൂതൻമാരെ നിങ്ങൾ പിൻപറ്റുക. പിശാചിന്റെ മാർഗ്ഗം വെടിയുക. ഒരു നിശ്ചിതകാലം വരെ ഈ ഭൂമിയിലെ ജിവിതത്തിൽ നിന്നെയും നിന്റെ സന്താനപരമ്പരകളെയും നാം പരീക്ഷിച്ചുകൊണ്ടിരിക്കും. നന്നായി കർമ്മങ്ങൾ ചെയ്തുകൊണ്ട് അതിൽ വിജയിക്കുന്നവരാണ് യഥാർത്ഥ വിജയികൾ.'

ഇത് ഒരു പുരാണകഥയായി - അല്ലെങ്കിൽ ഒരു കടംകഥയായി - നമുക്ക് തോന്നാം. എന്നാൽ അങ്ങനെയല്ല. ആ കഥയ്ക്ക് അന്നും ഇന്നും പ്രസക്തിയുണ്ട്. ഇന്ന് ആ കഥയ്ക്ക് കൂടുതൽ പ്രസക്തിയുണ്ട്. ദൈവത്തിന്റെ അംശം ആദമിലുണ്ട്. ആദമിന്റെ അംശം നമ്മിലുമുണ്ട്. നാം ഓരോരുത്തനും ഒരു ആദമും ഹവ്വയുമാണ് (15:29, 32:9). നാം അധിവസിക്കുന്ന ഈ ഭൂമി ഒരു സ്വർഗ്ഗമാണ്. അത് കേരളമായാലും, ഇന്ത്യയായാലും, യൂറോപ്പായാലും, അമേരിക്കയായാലും, അറേബ്യയായാലും, അഫ്ഗാനിസ്ഥാനായാലും, ഓരോ നാട്ടിലും അന്നാട്ടുകാർക്ക് സന്തോഷത്തോടെ - സംതൃപ്തിയോടെ - ജീവിക്കാൻ ആവശ്യമുള്ള വിഭവങ്ങൾ അല്ലാഹു ഒരുക്കിയിട്ടുണ്ട്. മനുഷ്യന്റെ അടിസ്ഥാന ആവശ്യങ്ങളാണല്ലോ ഭക്ഷണം, വസ്ത്രം, പാർപ്പിടം - ( റൊട്ടി, കപ്പട, ഔർ മകാൻ). ഇതിനെക്കുറിച്ചാണ് അല്ലാഹു നമ്മോട് പറഞ്ഞത്. നോക്കൂ ആദം.. ഈ സ്വർഗ്ഗം. ഇവിടെ നിനക്ക് വിശക്കാതെയും, നഗ്നനാകാതെയും, വെയിൽ കൊള്ളാതെയും കഴിയാം. ഈ ഭൂമിയിലുള്ള എല്ലാ മനുഷ്യരുടെയും അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റാൻ പര്യാപ്തമായ പ്രകൃതിവിഭവങ്ങൾ ഈ ഭൂമിയിൽത്തന്നെയുണ്ട്. പക്ഷെ നമ്മളിൽ തന്നെയുള്ള ചിലരുടെ അത്യാർത്തിയാണ് പ്രശ്നങ്ങളും പ്രയാസങ്ങളും, ദുരിതങ്ങളും ഉണ്ടാക്കുന്നത്...!! നമുക്കറിയാം ചില വ്യക്തികൾ. അവർ സമ്പാദിച്ചുകൂട്ടുകയാണ്. മറ്റാർക്കും കൊടുക്കാതെ അവർ സമ്പാദിച്ചുകൊണ്ടേയിരിക്കുകയാണ്. ഇന്ന് ഭൂമിയിലുള്ള 90 ശതമാനം പണക്കാർക്കും, അവരുടെ സന്താനങ്ങൾക്ക് - അവരുടെ പിൻഗാമികൾക്ക്... അവരുടെ വരാൻ പോകുന്ന അഞ്ചും ആറും തലമുറകൾക്ക് ആജീവനാന്തം സുഭിക്ഷമായി ജീവിക്കാൻ പര്യാപ്തമായ സമ്പാദ്യങ്ങളുണ്ട്. നമുക്ക് മരണം വരെ ജീവിക്കാനും, നമ്മുടെ മക്കൾക്ക് സംതൃപ്തമായ ഒരു ജോലിയും, ജീവിതമാർഗ്ഗവും, വരുമാനവുമൊക്കെ കണ്ടെത്താൻ പര്യാപ്തമായ വിദ്യാഭ്യാസം നൽകാൻ ആവശ്യമായ സമ്പാദ്യമല്ല. അതിൽ കൂടുതൽ...! അഞ്ചും പത്തും തലമുറയ്ക്ക് 'ലാവിഷായി' ജീവിക്കാനുള്ള പണമാണ് പലരും ആക്രാന്തത്തോടുകൂടി വാരിക്കൂട്ടുന്നത്. (250 കോടി ഉറുപ്പികയാണ് ഇന്ത്യയിലെ ഒരു രാഷ്ട്രീയക്കാരൻ സ്വന്തം മകളുടെ കല്യാണത്തിന് ചിലവാക്കിയത്. 22 ലക്ഷം കോടിയും 100 കോടിയുമൊക്കെയാണ് ചില മന്ത്രിമാരും ഇടനിലക്കാരും കൊള്ളയടിക്കുന്നത്. ഇന്ത്യയിലുള്ള ദരിദ്രരുടെ പട്ടിണിമാറ്റാൻ ആ തുകയുടെ പകുതി മതി) വളരെ കഷ്ടപ്പെട്ടാണ് അവനിതൊക്കെ ഉണ്ടാക്കുന്നത്. എന്നിട്ട് ഒരു ദിവസം അവനതാ മരിച്ചുപോകുന്നു. അവൻ കഷ്ടപ്പെട്ടുണ്ടാക്കിയ സമ്പത്തും സമ്പാദ്യവുമെല്ലാം അവൻ പ്രതീക്ഷിച്ചവരും, അല്ലാത്തവരുമായ ആർക്കൊക്കെയോ അനന്തിരമായി നൽകി അവൻ കടന്നുപോകുന്നു. ഈ സമ്പാദ്യമെല്ലാം കഷ്ടപ്പെട്ടുണ്ടാക്കിയ മാതാപിതാക്കളുടെ കഥയൊന്നുമറിയാത്ത ഒരു തലമുറ ഈ ധനം കൊണ്ട് ധൂർത്തടിച്ചു നശിക്കുന്നു. ഇതു നാം സ്ഥിരം കാണുന്ന കാഴ്ചയാണ്. നമ്മുടെ പണവും, സമ്പാദ്യവും എന്നെന്നും നമ്മോടൊപ്പം ഉണ്ടാകും. അല്ലെങ്കിൽ ആ പണം അവനെ എന്നെന്നും ജീവിപ്പിക്കും എന്നവർ വ്യാമോഹിക്കുന്നു. 'അയഹ്സബു അന്ന മാലഹു അഖ്ലദ (104 : 2). ഖുർആൻ ചോദിക്കുകയാണ്. അവന്റെ സമ്പാദ്യം - അവന്റെ പണം - അവനെ എന്നെന്നും ജീവിപ്പിക്കുമെന്നാണോ അവൻ കരുതുന്നത്...?' ഇതാണ് ദൈവം പറഞ്ഞ - അല്ലാഹു പറഞ്ഞ - ആ ശപിക്കപ്പെട്ട വൃക്ഷം..! എത്ര സമ്പാദിച്ചാലും മതിവരാത്ത - എത്ര വാരിക്കൂട്ടിയാലും മതിവരാത്ത - ചില മനുഷ്യരുടെ ആക്രാന്തി - അവന്റെ അവസാനിക്കാത്ത അത്യാഗ്രഹത്തെക്കുറിച്ചാണ് 'അനശ്വരത നൽകുന്ന ആ വൃക്ഷ'ത്തിലൂടെ അല്ലാഹു അപകടസൂചന നൽകിയത്.

'പത്തുകിട്ടുകിൽ നൂറു മതിയെന്നും - ശതമാകിൽ സഹസ്രം മതിയെന്നും....' അങ്ങനെ പത്ത് നൂറായി- നൂറ് ആയിരമായി..... ആയിരം പതിനായിരമായി ....ലക്ഷങ്ങളായി... കോടീശ്വരനായി... അങ്ങനെ ലക്ഷപ്രഭുവും, കോടീശ്വരനുമായ അവൻ ആനന്ദനൃത്തമാടുമ്പോൾ അവൻ വേണ്ടാത്ത പല 'ഏടാകൂട'ങ്ങളിലും ചെന്നു ചാടുന്നു. പണം കുന്നുകൂടുമ്പോൾ വേണ്ടാത്ത ചില വികാരവിചാരങ്ങൾ അവന്റെ മനസ്സിൽ വന്നുചേരുന്നു. ദുർവൃത്തികൾ ചെയ്യാൻ പിശാച് അവനെ പ്രേരിപ്പിക്കുന്നു. ദുഷ്ചെയ്തികൾ ചെയ്യാൻ ഇബ്ലീസ് അവനെ പഠിപ്പിക്കുന്നു. അങ്ങിനെ ആനന്ദനൃത്തമാടിക്കൊണ്ടിരക്കേ ദുരന്തങ്ങളും അപകടങ്ങളും അവനെ വേട്ടയാടുന്നു. അപ്രതീക്ഷിതമായി ചില അപകടങ്ങളിൽ അവൻ ചെന്നു പെടുന്നു. ചിലർ കളവു കേസിലും ചാരക്കേസിലും പ്രതിയാകുന്നു, ചിലർ സ്ത്രീ പീഢനക്കേസിൽ പ്രതിയാകുന്നു. ചിലർ നിഷ്ഠൂരമായ കൊലപാതകങ്ങളിലും, നരഹത്യയിലും, പെണ്ണ്കേസിലുമൊക്കെ പ്രതിയായി നാണം കെടുന്നു. സമൂഹമധ്യത്തിൽ അവൻ 'ഉടുതുണി' നഷ്ടപ്പെട്ടതുപോലയാകുന്നു..സമൂഹ മധ്യത്തിൽ അവൻ നഗ്നനാകുന്നു. ഇതാണ് ആ കനി തിന്നപ്പോൾ ആദമിന്റെയും ഇണയുടെയും 'നഗ്നത വെളിവായി' എന്നു ഖുർആൻ പറഞ്ഞത്.

അപ്പോഴും കരുണാനിധിയായ ദൈവം നമ്മെ - ആദമിനെയും ഇണയെയും - കൈവിടുന്നില്ല. സ്വർഗ്ഗത്തിലെ ഇലകൾകൊണ്ട് ആദമും ഇണയും ആ നാണക്കേടിൽ നിന്നു രക്ഷപ്പെടാൻ ശ്രമിച്ചതായി ഖുർആൻ പറയുന്നു. അല്ലാഹു

വിന്റെ മഹത്തായ അനുഗ്രഹങ്ങളിൽ ഒന്നാണ് ഈ ഭൂമിയിലെ വൃക്ഷങ്ങൾ. ആ വൃക്ഷങ്ങളുടെ ഏറ്റവും മർമ്മ പ്രധാന മായ ഭാഗങ്ങളാണ് ഇലകൾ. സൂര്യപ്രകാശത്തിൽ നിന്ന് പ്രകാശസംശ്ലേഷണം ( Photo Synthesis) വഴി നമുക്കുവേണ്ടി ഊർജ്ജമുണ്ടാക്കിയും,നമുക്ക് ജീവവായുവും, ജീവനും, തണലും നൽകുന്ന ഇലകൾ. അല്ലാഹുവിന്റെ മഹത്തായ അനു ഗ്രഹങ്ങൾ. ആ ഇലകളില്ലെങ്കിൽ - ആ സൂര്യനും ഇലകളും ഇല്ലെങ്കിൽ ഈ ഭൂമിയിൽ നാം ഇല്ല. ആ മഹാ അനുഗ്രഹ ങ്ങളുടെ പ്രതീകമാണ് 'സ്വർഗ്ഗത്തിലെ ഇലകൾ'. എത്ര വലിയ അപകടത്തിൽ പെട്ടാലും – എത്ര വലിയ ദുരന്ത ത്തിലും നാണക്കേടിലും പെട്ടാലും - അല്ലാഹു ഇവിടെ ഒരുക്കിവെച്ച ആ അനുഗ്രഹങ്ങളുടെ സഹായത്തോടെ മാത്ര മാണ് മനുഷ്യൻ അവന്റെ ജീവിതത്തിലേക്ക് തിരിച്ചു വരുന്നത്...!! ദൈവ വിശ്വാസിയാണെങ്കിൽ- അല്ലാഹുവിനെയും, ചെകുത്താനെയും കുറിച്ച് ശരിക്കും അവനു ബോധ്യമായെങ്കിൽ - അവന്റെ പ്രായശ്ചിത്തം ശരിക്കും ഉള്ളിൽ തട്ടിയതാ ണെങ്കിൽ - അവൻ അനുഭവങ്ങളിൽ നിന്നും ശരിക്കും പാഠം പഠിക്കുന്നവനാണെങ്കിൽ- ആ പാശ്ചാത്താപവും, തിരിച്ചു വരവും വളരെ വേഗത്തിലാകുന്നു. വിശുദ്ധ ഖുർആനിലെ എല്ലാ അദ്ധ്യായങ്ങളിലും (114 അദ്ധ്യായങ്ങളിലായി ആയിരക്ക ണക്കിന് സ്ഥലങ്ങളിൽ) കാരുണ്യവാനും കരുണാനിധിയുമായ അല്ലാഹു എന്നു അല്ലാഹുവിനെ - ദൈവത്തെ - പരി ചയപ്പെടുത്തിയത്, അന്വർത്ഥമായി വീണ്ടും നമുക്കനുഭവപ്പെടുന്നു...!!

അപ്പോൾ ആദമും ഹവ്വയും പിശാചും അനശ്വരത നൽകുന്ന ആ മരവും മരിച്ചിട്ടില്ല. കടലിലെ ഓളവും, കരളിലെ മോഹവും- മനുഷ്യന്റെ ആഗ്രഹങ്ങളും, അത്യാഗ്രഹങ്ങളും - ഒരിക്കലും അസ്തമിക്കില്ല. ആദമും ഇണയും മരിക്കുന്നി ല്ല. അവർ നമ്മളിലൂടെ ജീവിക്കുന്നു. മോഹനവാഗ്ദാനങ്ങളുമായി - ഒരിക്കലും നശിച്ചുപോകാത്ത ചില സുഖഭോഗങ്ങളെ ക്കുറിച്ചുള്ള ചിന്തകൾ നമ്മുടെ മുമ്പിൽ അവതരിപ്പിച്ച് - നമുക്ക് മോഹനവാഗ്ദാനങ്ങൾ നൽകി പിശാചു വരുന്നു. ഒരു നിമിഷം നാം അല്ലാഹുവിനെ മറന്നുപോകുന്നു. തികച്ചും തെറ്റായ ഒരു പാതയാണതെന്ന്, അല്ലാഹു നമുക്കു പഠിപ്പിച്ചു തന്നിട്ടുകൂടി - 'ആ മരത്തിന്റെ അടുത്തേക്കുപോലും നിങ്ങൾ പോകരുത് ' എന്ന് അല്ലാഹു ഉപദേശിച്ചിട്ടുകൂടി - ദൈവ ത്തിന്റെ വിധി വിലക്കുകളുടെ അതിർവരമ്പിലേക്ക് ആ പരിധികൾ ലംഘിക്കാനായി നിങ്ങൾ അടുക്കരുത് എന്ന് ദൈവം കൽപ്പിച്ചിട്ടുകൂടി - നമ്മുടെ മനഃസാക്ഷി അതു തെറ്റാണെന്നു നമ്മോടു മന്ത്രിച്ചിട്ടുകൂടി - ആ ചീത്തമാർഗ്ഗം തന്നെ തിര ഞ്ഞെടുക്കുന്നു. ആ മാർഗ്ഗം തെറ്റാണോ, ശരിയാണോ എന്ന ഒരു ശങ്കയിലാണ് നാം എത്തി നിൽക്കുന്നതെങ്കിൽ... അപ്പോൾ അതാ വരുന്നു... നമ്മുടെ ഇണ- അതു നമ്മുടെ ഭാര്യയാവാം, നമ്മുടെ മകനാവാം, മകളാവാം, സുഹൃത്താവാം, മറ്റു ബന്ധുക്കളാവാം. ആ ചീത്ത പ്രവൃത്തിക്കു പ്രചോദനവും പ്രോത്സാഹനവുമായി - ആ മാർഗ്ഗം നൂറു ശതമാനവും ശരി യാണ് എന്ന് പറഞ്ഞുകൊണ്ട് - പിശാചിന്റെ ആ പ്രവൃത്തികൾ നമുക്ക് അലങ്കാരമാണെന്നു പ്രഖ്യാപിച്ചുകൊണ്ട് നമ്മുടെ ഇണവരുന്നു. അങ്ങിനെ പിശാചിന്റെ പ്രവൃത്തികൾ - ഇബ്‌ലീസിന്റെ ചെയ്തികൾ ആ കുടുംബത്തിനുമുഴുവൻ അല ങ്കാരമായി തോന്നുന്നു, മനുഷ്യൻ ചതിയനാകുന്നു, വഞ്ചകനാകുന്നു. നന്ദികെട്ടവനും, വൃത്തികെട്ടവനുമായിമാറുന്നു.... !

അപ്പോൾ അത്യാഗ്രഹം അല്ലെങ്കിൽ ദുരാഗ്രഹം എന്ന ആ വൃക്ഷത്തോട് നാം അടുക്കാതിരിക്കുക. അല്ലാഹു വിന്റെ വിധി വിലക്കുകളാകുന്ന അതിർത്തിയിൽ കാണുന്ന ആ മരത്തോട് നാം അടുക്കാതിരിക്കുക. പിശാച് അത് കാട്ടി ത്തരുമ്പോളും - നമ്മുടെ ഭാര്യയോ, മകളോ, മകനോ, നമ്മുടെ സ്നേഹിതന്മാരോ, മറ്റു ബന്ധുക്കളോ, അത്തരമൊരു ദുഷ്ചെയ്തികൾക്കു പിന്തുണ പ്രഖ്യാപിച്ചാലും, പ്രേരിപ്പിച്ചാലും, അതു അല്ലാഹുവിന്റെ കൽപ്പനക്ക് വിരുദ്ധമാണോ, - സ്വന്തം മനസ്സാക്ഷിക്ക് വിരുദ്ധമാണോ എന്നു നാം സ്വയം ചിന്തിക്കുക...!!

കാര്യങ്ങൾ ഇങ്ങനെയൊക്കെയാണെങ്കിലും നല്ലവരായ ഒരു വിഭാഗം ജനങ്ങളെ നാം എല്ലാ സമൂഹങ്ങളിലും, കാണുന്നു...!! തന്റെ പിതാമഹനായ ആദമിനു പറ്റിയ ആ അബദ്ധം തിരിച്ചറിഞ്ഞ ഒരു വിഭാഗം. ആ വീഴ്ചയിൽ നിന്ന് പാഠം പഠിച്ച ഒരു വിഭാഗം - എല്ലാ മതത്തിലും, ജാതിയിലും സമൂഹങ്ങളിലും നമുക്കവരെ കാണാം. എല്ലാ അവസ്ഥ യിലും മിതത്വം പാലിക്കുന്നവർ ... ഓരോ കാൽവെപ്പിലും ദൈവം എന്ന - അല്ലാഹു എന്ന - ആ മഹാപ്രതിഭാസത്തെ തന്റെ മനസ്സിലിട്ട് താലോലിക്കുന്നവർ ! അവർക്കറിയാം ഈ ഭൂമിയിലെ ജീവിതം ക്ഷണികമാണ്, നശ്വരമാണ്. ഉള്ളതു കൊണ്ട്, ജീവിതകാലം മുഴുവൻ സംതൃപ്തിയോടുകൂടി, മനഃസാക്ഷിയെ വഞ്ചിക്കാതെ, ശ്രദ്ധയോടെ ജീവിക്കുക. അതാ ണവരുടെ മുദ്രാവാക്യം...!! അനാവശ്യമായി അവർ സമ്പാദിച്ചു കൂട്ടില്ല. തന്റെ വീട്ടിലെ ചപ്പുചവറുകൾ അടുത്ത വീട്ടിലെ വളപ്പിലേക്ക് ആരും കാണാതെ, തന്ത്രപൂർവ്വം അവൻ എടുത്തെറിയില്ല. തന്റെ ചുറ്റുപാടിനെയും പരിതസ്ഥിതിയെയും അവൻ മലിനപ്പെടുത്തില്ല. അറിഞ്ഞുകൊണ്ട് തനിക്ക് ചുറ്റുമുള്ള ഒരാളെയും അവൻ വേദനപ്പിക്കില്ല, ഉപദ്രവിക്കില്ല. ആരേയും അവൻ മാനം കെടുത്തില്ല. അവനറിയാം 'പരോപകാരം പുണ്യായഃ പാപായ പരപീഢനഃ'. അനാവശ്യമായി - ആക്രാന്തത്തോടുകൂടി അവൻ സമ്പാദിച്ചു കൂട്ടില്ല. അവന്റെയും കുടുംബത്തിന്റെയും അത്യാവശ്യങ്ങൾക്കുവേണ്ടിയ ല്ലാതെ അവൻ സമ്പാദിക്കില്ല. അവൻ സമ്പാദിക്കുന്നതിൽ നിന്നെല്ലാം അവന്റെ അടുത്ത ബന്ധുക്കൾക്കും, അവന് പരിച യമുള്ളവർക്കും, അവന്റെ അയൽപക്കക്കാർക്കും, അവനോടു സഹായം ആവശ്യപ്പെട്ടു വരുന്നവർക്കും അവൻ ആത്മാർത്ഥ മായി, തനിക്കു കഴിയുന്നതു നൽകുന്നു. അവിടെ അവൻ രണ്ടര ശതമാനമാണെന്നോ 5 ശതമാനമാണെന്നോ 10 ശതമാന മാണെന്നോ നോക്കാറില്ല. അവന്റെ സമയവും സമ്പത്തും കഴിവും പരിധിയുമൊക്കെ അവനറിയാം. അതനുസരിച്ച് മറ്റുള്ള വരെ സഹായിക്കാനും അവനറിയാം. അനാവശ്യമായി അവൻ ഭക്ഷണം കഴിക്കില്ല, അവൻ എപ്പോഴും കർമ്മനിരതനായിരി

ക്കും. മരണക്കിടക്കയിൽപോലും മനുഷ്യനന്മക്കുതകുന്ന ഏന്തെങ്കിലും പുതിയ തന്ത്രങ്ങൾ അവൻ മെനയുകയായിരിക്കും ! നിഷ്കാമകർമ്മം, അശ്രാന്തപരിശ്രമം, സ്ഥിരോത്സാഹം, ശുഭാപ്തി വിശ്വാസം, സ്നേഹം, വിനയം, കരുണ, മിതവ്യയം, പരിസ്ഥിതി സംരക്ഷണം, സഹായസഹകരണമനോഭാവം ഇതെല്ലാം അല്ലാഹുവിൽ വിശ്വസിക്കുന്ന- ദൈവത്തിൽ അടിയുറച്ചു വിശ്വസിക്കുന്ന ഒരു വിഭാഗത്തിന്റെ മാത്രം പ്രത്യേകതകളാണ്....!! അല്ലാഹു എന്ന ആ മഹാശക്തിയെ ശരിക്കും ചിന്തിച്ചു മനസ്സിലാക്കി, ആ മഹാശക്തി കീഴ്പ്പെട്ടവർ- അല്ലാഹുവിന്നു കീഴ്പ്പെട്ടവർ- എന്നാണ് മുസ്ലിം എന്ന പദത്തിന്റെ അർത്ഥം... ആ 'മുസ്ലിം' കളുടെ മറ്റൊരു പേരാണ് ബ്രാഹ്മണർ. ബ്രഹ്മത്തെ അറിഞ്ഞവർ അഥവാ മുസ്ലിംകൾ എല്ലാ മതത്തിലുമുണ്ടെന്ന് ഖുർആൻ പറയുന്നു...!! ഇസ്ലാം മതത്തിലും ഹിന്ദുമതത്തിലും, ക്രിസ്തുമതത്തിലും, ജൂതമതത്തിലും നിങ്ങൾക്കു മുസ്ലിംകളെ (ബ്രഹ്മത്തെ അറിഞ്ഞവനെ - ബ്രാഹ്മണരെ) കാണാം. മഹാനായ അബ്രഹാം എന്ന ദൈവദൂതനാണ് അവർക്ക് 'മുസ്ലിം' എന്ന പേർ നൽകിയത് എന്നും ഖുർആൻ പറയുന്നു..!! അപ്പോൾ പിശാചിൽ നിന്ന കന്നുനിന്നവർ വിജയിച്ചു. പിശാചിന്റെ പ്രലോഭനങ്ങളിൽ നിന്നും, പ്രീണനങ്ങളിൽ നിന്നും അകന്നു നിൽക്കാൻ കഴിയുന്നവർ വിജയിച്ചു. അല്ലാഹു അപകടസൂചന നൽകിയ ആ മരത്തിൽ നിന്ന് അകന്നു നിന്നവർ വിജയിച്ചു. ദൈവത്തെ അറിഞ്ഞവർ - അല്ലാഹു എന്ന ആ പ്രതിഭാസത്തെ അതർഹിക്കുന്ന വിധം പഠിച്ചു മനസ്സിലാക്കി- ജീവിക്കുന്നവർ വിജയിച്ചു. അതാണ് ഖുർആൻ പറഞ്ഞത്. 'ആർ ഏക ദൈവത്തിലും, അന്ത്യ ദിനത്തിലും വിശ്വസിക്കുകയും, സൽക്കർമ്മങ്ങൾ ചെയ്യുകയും ചെയ്യുന്നുവോ, അവൻ ജൂതനാവട്ടെ, ക്രിസ്ത്യാനിയാവട്ടെ, സാബി (ഹിന്ദു) മതക്കാരനാവട്ടെ, മുഹമ്മദു നബിയിൽ വിശ്വസിച്ച മുസ്ലിം ആവട്ടെ, അവർക്കൊക്കെ മഹത്തായ പ്രതിഫലവും, സ്വർഗ്ഗലോകവുമുണ്ട്,' (2:62 5:48.) അതിനാൽ അശ്രദ്ധ, അസൂയ, അത്യാഗ്രഹം, അലസത, നിസ്സഹകരണം, കള്ളും കഞ്ചാവും പോലുള്ള ലഹരിപദാർത്ഥങ്ങൾ, കൊലപാതകം, വ്യഭിചാരം, സ്വവർഗ്ഗരതി, പിശുക്ക്, പൊങ്ങച്ചം, ദുർവ്യയം, ചൂതാട്ടങ്ങൾ, കൊള്ള, കൊലപാതകം, പക, വ്യക്തി വിദ്വേഷം, വർഗ്ഗവിദ്വേഷം എന്നിങ്ങനെയുള്ള കനികൾ വിളയുന്ന, കാമ-ക്രോധ-മോഹാദികളാൽ നട്ടുവളർത്തപ്പെടുന്ന ആ ശപിക്കപ്പെട്ട വൃക്ഷത്തിൽ നിന്ന് - അതുവഴി അപകടങ്ങളും അപകടമരണങ്ങളും ദുരന്തങ്ങളും, നഷ്ടങ്ങളും നാണക്കേടും സമ്മാനിക്കുന്ന- ആ ശപിക്കപ്പെട്ട വൃക്ഷത്തിൽ നിന്ന് നാം അകന്നു നിൽക്കുക....!! അതാണ്, ആദമിന്റെയും ഹവ്വായുടെയും കഥ നമ്മെ പഠിപ്പിക്കുന്ന മഹത്തായ ഒരു പാഠം. (7:11-27) (20:116-120) (38:75) (2:30-39) (5:27) (7:172, 176) (15:26-43,44) (18:50)

മനുഷ്യനും പ്രാപഞ്ചിക ശക്തികളും (മലക്കുകളും) വൃക്ഷലതാദികളും പക്ഷമൃഗാദികളും പോലെ നന്മയും തിന്മയും - കാമക്രോധ മോഹാദികളുടെ പ്രതീകമായ ചെകുത്താനുമെല്ലാം ദൈവത്തിന്റെ സൃഷ്ടികളത്രെ. എന്നാൽ മനുഷ്യനെപ്പോലെ പ്രാപഞ്ചിക ശക്തികളും, മരങ്ങളും, മൃഗങ്ങളുമൊന്നും ചെകുത്താനോട് ചങ്ങാത്തം കാട്ടുന്നത് നാം കാണുന്നില്ല. എന്നാൽ ആദം ഒരു ദുർബല നിമിഷത്തിൽ, അല്ലാഹുവിന്റെ കൽപ്പന വകവെക്കാതെ ഇബലീസുമായി (ചെകുത്താനുമായി) ചങ്ങാത്തം സ്ഥാപിച്ചു. ആ വിലക്കപ്പെട്ട കനി തിന്നതിലൂടെ മനുഷ്യൻ ചെകുത്താന്റെ കൂട്ടുകാരനായി. സ്വർഗ്ഗീയാരാമത്തിൽ നിന്ന് പുറത്തുമായി. **മനുഷ്യമനസ്സ് എപ്പോഴും കുറ്റം ചെയ്യാൻ പ്രേരിപ്പിച്ചുകൊണ്ടിരിക്കുമെന്ന് ഖുർആൻ പറയുന്നു. (12:53, 12:18) അടിസ്ഥാനപരമായി ഓരോ മനുഷ്യനും ഒരു കുറ്റവാളിയാണെന്ന - ക്രിമിനൽ ആണെന്ന ഒരു മഹാസത്യം - ഒരു മനഃശാസ്ത്ര സത്യം ഖുർആൻ നമ്മെ ഓർമ്മപ്പെടുത്തുന്നു.! ആ പൈശാചിക ചിന്താഗതിയിൽ നിന്ന് വേദജ്ഞാനങ്ങൾ (ധർമ്മനിഷ്ഠ) മുഖേന രക്ഷപ്പെട്ടുകൊള്ളാനാണ് ഖുർആൻ ഓരോ മനുഷ്യനെയും ഉൽബോധിപ്പിക്കുന്നത്.**

## ഖുർആൻ പറയുന്നത് ശ്രദ്ധിക്കുക

'മുമ്പ് നാം ആദമിനോടും കരാർ ചെയ്യുകയുണ്ടായി. എന്നാൽ, അദ്ദേഹം അത് മറന്നുകളഞ്ഞു. അദ്ദേഹത്തിന് നിശ്ചയദാർഢ്യമുള്ളതായി നാം കണ്ടില്ല.

നിങ്ങൾ ആദമിന് (മനുഷ്യന്) സുജൂദ് ചെയ്യൂ (കീഴ്പ്പെടൂ) എന്ന് നാം മലക്കുകളോട് (പ്രാപഞ്ചികശക്തികളോട്) പറഞ്ഞ സന്ദർഭവും (ശ്രദ്ധേയമത്രേ) അപ്പോൾ അവർ സുജൂദ് ചെയ്തു. ഇബ്ലീസൊഴികെ അവൻ വിസമ്മതിച്ചു. (അവൻ (ഇബ്ലീസ്) കാമ-ക്രോധ-മോഹാദികളുടെ പ്രതീകമായിരുന്നു. മനുഷ്യന് കീഴ്പ്പെടുന്നതിന് പകരം മനുഷ്യനെ കീഴ്പെടുത്താനാണ് അവൻ ശ്രമിച്ചത്. അഹങ്കാരിയും പൊങ്ങച്ചക്കാരനുമായ ഏതൊരുവനിലും നിങ്ങൾക്കാ ചെകുത്താനെ കാണാം. (38:75, 7:13) )

അപ്പോൾ നാം പറഞ്ഞു: ആദമേ, തീർച്ചയായും ഇവൻ നിന്റെയും നിന്റെ ഇണയുടെയും ശത്രുവാകുന്നു. അതിനാൽ നിങ്ങളെ രണ്ടുപേരെയും അവൻ സ്വർഗ്ഗത്തിൽ നിന്ന് പുറംതള്ളാതിരിക്കട്ടെ (അങ്ങനെ സംഭവിക്കുന്ന പക്ഷം) നീ കഷ്ടപ്പെടും.

തീർച്ചയായും നിനക്ക് ഇവിടെ വിശക്കാതെയും നഗ്നനാകാതെയും കഴിയാം.

നിനക്കിവിടെ ദാഹിക്കാതെയം വെയിലുകൊള്ളാതെയും കഴിയാം.

അപ്പോൾ പിശാച് അദ്ദേഹത്തിന് ദുർബോധനം നൽകി: ആദമേ, അനശ്വരത നൽകുന്ന ഒരു വൃക്ഷത്തെപ്പറ്റിയും, ക്ഷയിച്ചുപോകാത്ത ആധിപത്യത്തെപ്പറ്റിയും ഞാൻ നിനക്ക് (ചില കാര്യങ്ങൾ) അറിയിച്ചു തരട്ടെയോ?

അങ്ങനെ അവർ (ആദമും ഇണയും പിശാചിന്റെ പ്രേരണയാൽ) ആ വൃക്ഷത്തിൽ നിന്ന് ഭക്ഷിച്ചു. അപ്പോൾ അവർ ഇരുവർക്കും തങ്ങളുടെ ഗുഹ്യഭാഗങ്ങൾ വെളിപ്പെടുകയും, സ്വർഗ്ഗത്തിലെ ഇലകൾ കൂട്ടിച്ചേർത്ത് തങ്ങളുടെ ദേഹം അവർ പൊതിയാൻ തുടങ്ങുകയും ചെയ്തു. ആദം തന്റെ രക്ഷിതാവിനോട് അനുസരണക്കേട് കാണിക്കുകയും, അങ്ങനെ പിഴച്ചുപോകുകയും ചെയ്തു.

അനന്തരം (ആദം പശ്ചാത്തപിച്ചപ്പോൾ) അദ്ദേഹത്തിന്റെ രക്ഷിതാവ് അദ്ദേഹത്തെ ഉൽകൃഷ്ടനായി തെരഞ്ഞെടുക്കുകയും, അദ്ദേഹത്തിന്റെ പശ്ചാത്താപം സ്വീകരിക്കുകയും, മാർഗ്ഗദർശനം നൽകുകയും ചെയ്തു.

അവൻ (അല്ലാഹു) പറഞ്ഞു: നിങ്ങൾ രണ്ടു പേരും ഒന്നിച്ച് ഇവിടെ നിന്ന് ഇറങ്ങിപ്പോകുക. നിങ്ങളിൽ ചിലർ ചിലർക്ക് ശത്രുക്കളാകുന്നു. എന്നാൽ എന്റെ പക്കൽ നിന്നുള്ള വല്ല മാർഗ്ഗനിർദ്ദേശവും നിങ്ങൾക്ക് വന്നുകിട്ടുന്നപക്ഷം, അപ്പോൾ എന്റെ മാർഗ്ഗനിർദ്ദേശം ആർ പിൻപറ്റുന്നവോ അവൻ പിഴച്ചുപോകുകയില്ല, കഷ്ടപ്പെടുകയുമില്ല.

എന്റെ ഉൽബോധനത്തെ വിട്ട് വല്ലവനും തിരിഞ്ഞുകളയുന്ന പക്ഷം തീർച്ചയായും അവന്ന് ഇടുങ്ങിയ ഒരു ജീവിതമാണുണ്ടായിരിക്കുക. ഉയർത്തെഴുന്നേല്പിന്റെ നാളിൽ അവനെ നാം അന്ധനായ നിലയിൽ എഴുന്നേല്പിച്ചുകൊണ്ടുവരുന്നതുമാണ്.' ( വി:ഖു 20:115 - 125)

'ആദം സന്തതികളെ, നിങ്ങൾക്കു നാം നിങ്ങളുടെ ഗോപ്യസ്ഥാനങ്ങൾ മറക്കാനുതകുന്ന വസ്ത്രവും അലങ്കാരവസ്ത്രവും നൽകിയിരിക്കുന്നു. (എന്നാൽ) ധർമ്മനിഷ്ഠയാകുന്ന വസ്ത്രമാകട്ടെ അതാണ് കൂടുതൽ ഉത്തമം. അവർ ശ്രദ്ധിച്ചു മനസ്സിലാക്കുവാൻ വേണ്ടി അല്ലാഹു അവതരിപ്പിക്കുന്ന വചനങ്ങളിൽപ്പെട്ടതത്രെയിത്.

ആദം സന്തതികളെ, നിങ്ങളുടെ മാതാപിതാക്കളെ ആ തോട്ടത്തിൽ നിന്ന് പുറത്താക്കിയത് പോലെ പിശാച് നിങ്ങളെ കുഴപ്പത്തിലാക്കാതിരിക്കട്ടെ. അവർ ഇരുവരുടെയും ഗോപ്യസ്ഥാനങ്ങൾ അവർക്ക് കാണിച്ചുകൊടുക്കുവാനായി (അവരെ നാണം കെടുത്താനായി) അവരിൽ നിന്ന് അവരുടെ (ധർമ്മനിഷ്ഠയാകുന്ന) വസ്ത്രം എടുത്തു നീക്കുകയായിരുന്നു. തീർച്ചയായും അവനും അവന്റെ വർഗ്ഗക്കാരും നിങ്ങളെ കണ്ടുകൊണ്ടിരിക്കും. നിങ്ങൾക്ക് അവരെ കാണാൻ പറ്റാത്തവിധത്തിൽ. തീർച്ചയായും വിശ്വസിക്കാത്തവർക്ക് പിശാചുക്കളെ നാം മിത്രങ്ങളാക്കി കൊടുത്തിരിക്കുന്നു.' (7:11-27) (20:116-120) (38:75) (2:30-39) (5:27) (7:172, 176) (15:26-43,44) (18:50)

**<u>വീണ്ടും ഖുർആൻ പറയുന്നത് ശ്രദ്ധിക്കുക</u>**

'തീർച്ചയായും നാം നിങ്ങളെ സൃഷ്ടിക്കുകയും, നിങ്ങൾക്ക് രൂപം നൽകുകയും ചെയ്തു. പിന്നീട് നാം മലക്കുകളോട് പറഞ്ഞു: നിങ്ങൾ ആദമിനെ പ്രണമിക്കുക. അവർ പ്രണമിച്ചു. ഇബ്‌ലീസൊഴികെ. അവൻ പ്രണമിച്ചവരുടെ കൂട്ടത്തിലായില്ല.'

അവൻ (അല്ലാഹു) ആരാഞ്ഞു: ഞാൻ നിന്നോട് കല്പിച്ചപ്പോൾ സുജൂദ് ചെയ്യാതിരിക്കാൻ നിനക്ക് എന്ത് തടസ്സമായിരുന്നു. അവൻ പറഞ്ഞു ഞാൻ അവനേക്കാൾ (ആദമിനേക്കാൾ) ഉത്തമനാകുന്നു. എന്നെ നീ അഗ്നിയിൽ നിന്നാണ് സൃഷ്ടിച്ചത്. അവനെ നീ സൃഷ്ടിച്ചത് കളിമണ്ണിൽ നിന്നും.

അവൻ (അല്ലാഹു) പറഞ്ഞു: നീ ഇവിടെ നിന്ന് ഇറങ്ങിപോവുക. ഇവിടെ നിനക്ക് അഹങ്കാരം കാണിക്കാൻ പറ്റുകയില്ല. പുറത്തു കടക്കൂ. തീർച്ചയായും നീ നിന്ദ്യരുടെ കൂട്ടത്തിലാകുന്നു.

അവൻ പറഞ്ഞു: മനുഷ്യർ ഉയർത്തെഴുന്നേൽപിക്കപ്പെടുന്ന ദിവസം വരെ എനിക്ക് നീ അവധി നൽകേണമേ.

അവൻ (അല്ലാഹു) പറഞ്ഞു: തീർച്ചയായും നീ അവധി നൽകപ്പെട്ടവരുടെ കൂട്ടത്തിലാകുന്നു.

അവൻ (ഇബ്‌ലീസ്) പറഞ്ഞു: നീ എന്നെ വഴി പിഴപ്പിച്ചതിനാൽ നിന്റെ നേരായ പാതയിൽ അവർ (മനുഷ്യർ) പ്രവേശിക്കുന്നത് തടയാൻ ഞാൻ കാത്തിരിക്കും.

പിന്നീട് അവരുടെ മുമ്പിലൂടെയും അവരുടെ പിന്നിലൂടെയും അവരുടെ വലതുഭാഗങ്ങളിലൂടെയും ഇടതുഭാഗങ്ങളിലൂടെയും ഞാൻ അവരുടെ അടുത്ത് ചെല്ലുകതന്നെ ചെയ്യും. അവരിൽ അധികപേരെയും നന്ദിയുള്ളവരായി നീ കണ്ടെത്തുന്നതല്ല.

അവൻ (അല്ലാഹു) പറഞ്ഞു: നിന്ദ്യനും തള്ളപ്പെട്ടവനുമായിക്കൊണ്ട് നീ ഇവിടെനിന്ന് പുറത്ത് കടക്കൂ. അവരിൽ നിന്ന് വല്ലവരും നിന്നെ പിൻപറ്റുന്ന പക്ഷം നിങ്ങളെല്ലാവരെയും കൊണ്ട് ഞാൻ നരകം നിറയ്ക്കുക തന്നെ ചെയ്യും.

ആദമേ, നീയും നിന്റെ ഇണയും കൂടി ഈ തോട്ടത്തിൽ താമസിക്കുകയും, നിങ്ങൾക്കിഷ്ടമുള്ളേടത്തുനിന്ന് തിന്നുകൊള്ളുകയും ചെയ്യുക. എന്നാൽ ഈ വൃക്ഷത്തെ നിങ്ങൾ സമീപിച്ചുപോകരുത്. എങ്കിൽ നിങ്ങൾ ഇരുവരും അക്രമികളിൽപ്പെട്ടവരായിരിക്കും എന്നും (അല്ലാഹു പറഞ്ഞു)

അവരിൽ നിന്ന് മറച്ചുവെക്കപ്പെട്ടിരുന്ന അവരുടെ ഗോപ്യസ്ഥാനങ്ങൾ അവർക്കു വെളിപ്പെടുത്തുവാനായി (അവരെ നാണം കെടുത്താനായി) പിശാച് അവർ ഇരുവരോടും ദുർമന്ത്രണം നടത്തി. അവൻ പറഞ്ഞു; നിങ്ങളുടെ രക്ഷിതാവ് ഈ വൃക്ഷത്തിൽ നിന്ന് നിങ്ങൾ ഇരുവരെയും വിലക്കിയിട്ടുള്ളത് നിങ്ങളിരുവരും മലക്കുകളായി തീരുന്നതുകൊണ്ടോ നിങ്ങൾ ഇവിടെ നിത്യവാസികളായിത്തീരുന്നമെന്നതുകൊണ്ടോ അല്ലാതെ മറ്റൊന്നുകൊണ്ടുമല്ല.

തീർച്ചയായും ഞാൻ നിങ്ങളിരുവരുടെയും ഗുണകാംക്ഷികളിൽപ്പെട്ടവനാണ് എന്ന് അവരോട് അവൻ സത്യം ചെയ്ത് പറയുകയും ചെയ്തു.

അങ്ങനെ അവർ ഇരുവരെയും വഞ്ചനയിലൂടെ അവൻ തരംതാഴ്ത്തിക്കളഞ്ഞു. അവർ ഇരുവരും ആ വൃക്ഷത്തിൽ നിന്ന് രുചി നോക്കിയതോടെ അവർക്ക് അവരുടെ ഗോപ്യസ്ഥാനങ്ങൾ വെളിപ്പെട്ടു. ആ തോട്ടത്തിലെ ഇലകൾ കൂട്ടി ച്ചേർത്ത് അവർ ഇരുവരും തങ്ങളുടെ ശരീരം പൊതിയാൻ തുടങ്ങി. അവർ ഇരുവരെയും വിളിച്ച് അവരുടെ രക്ഷിതാവ് പറഞ്ഞു. ആ വൃക്ഷത്തിൽ നിന്ന് ഞാൻ നിങ്ങളെ വിലക്കിയിട്ടില്ലേ. തീർച്ചയായും പിശാച് നിങ്ങളുടെ പ്രത്യക്ഷ ശത്രുവാണെന്ന് ഞാൻ നിങ്ങളോട് പറഞ്ഞിട്ടുമില്ലേ?

അവർ രണ്ടുപേരും പറഞ്ഞു: ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങൾ ഞങ്ങളോടുതന്നെ അക്രമം ചെയ്തിരിക്കുന്നു. നീ ഞങ്ങൾക്ക് പൊറുത്തുതരികയും കരുണ കാണിക്കുകയും ചെയ്തില്ലെങ്കിൽ തീർച്ചയായും ഞങ്ങൾ നഷ്ടം പറ്റിയവരുടെ കൂട്ടത്തിലായിരിക്കും.

അവൻ (അല്ലാഹു) പറഞ്ഞു: നിങ്ങൾ ഇറങ്ങിപ്പോകൂ. നിങ്ങളിൽ ചിലർ ചിലർക്കു ശത്രുക്കളായിരിക്കും. നിങ്ങൾക്ക് ഭൂമിയിൽ വാസസ്ഥലമുണ്ട്. ഒരു നിശ്ചിതസമയം വരെ ജീവിതസൗകര്യങ്ങളുമുണ്ട്.

അവൻ പറഞ്ഞു: അതിൽ (ഭൂമിയിൽ) തന്നെ നിങ്ങൾ ജീവിക്കും. അവിടെ തന്നെ നിങ്ങൾ മരിക്കും. അവിടെനിന്നു തന്നെ നിങ്ങൾ പുറത്തുകൊണ്ടുവരപ്പെടുകയും ചെയ്യും.

ആദം സന്തതികളെ, നിങ്ങൾക്കു നാം നിങ്ങളുടെ ഗോപ്യസ്ഥാനങ്ങൾ മറക്കാനുതകുന്ന വസ്ത്രവും അലങ്കാരവസ്ത്രവും നൽകിയിരിക്കുന്നു. (എന്നാൽ) ധർമ്മനിഷ്ഠയാകുന്ന വസ്ത്രമാകട്ടെ അതാണ് കൂടുതൽ ഉത്തമം. അവർ ശ്രദ്ധിച്ചു മനസ്സിലാക്കുവാൻ വേണ്ടി അല്ലാഹു അവതരിപ്പിക്കുന്ന വചനങ്ങളിൽപ്പെട്ടതത്രെയിത്.

ആദം സന്തതികളെ, നിങ്ങളുടെ മാതാപിതാക്കളെ ആ തോട്ടത്തിൽ നിന്ന് പുറത്താക്കിയത് പോലെ പിശാച് നിങ്ങളെ കുഴപ്പത്തിലാക്കാതിരിക്കട്ടെ. അവർ ഇരുവരുടെയും ഗോപ്യസ്ഥാനങ്ങൾ അവർക്ക് കാണിച്ചുകൊടുക്കുവാനായി (അവരെ നാണം കെടുത്താനായി പിശാച്) അവരിൽ നിന്ന് അവരുടെ (ധർമ്മനിഷ്ഠയാകുന്ന) വസ്ത്രം എടുത്തു നീക്കുകയായിരുന്നു. തീർച്ചയായും അവനും അവന്റെ വർഗ്ഗക്കാരും നിങ്ങളെ കണ്ടുകൊണ്ടിരിക്കും. നിങ്ങൾക്ക് അവരെ കാണാൻ പറ്റാത്തവിധത്തിൽ. തീർച്ചയായും വിശ്വസിക്കാത്തവർക്ക് പിശാചുക്കളെ നാം മിത്രങ്ങളാക്കി കൊടുത്തിരിക്കുന്നു.'

(7:11 - 27) (20:116 - 120) (38:75) (2:30 - 39) (5:27) (7:172, 176) (15:26 - 43,44) (18:50)

### ആദമിന്റെയും ഇണയുടെയും വീഴ്ചയിൽ നിന്ന് നിങ്ങൾ പാഠം പഠിക്കണമെന്ന് വിശുദ്ധ ഖുർആൻ

ആദമിന്റെയും ഇണയുടെയും കഥ കേവലമൊരു പുരാണകഥയല്ലെന്നും അതിന് എന്നും പ്രസക്തിയുണ്ടെന്നും അത് ആവർത്തിക്കപ്പെടാമെന്നുമാണ് ഖുർആൻ തുടർന്നുപറയുന്നത്. അല്ലെങ്കിൽ ' ആദം സന്തതികളെ നിങ്ങളുടെ മാതാപിതാക്കളെ ആ തോട്ടത്തിൽ നിന്നും പുറത്താക്കിയതുപോലെ പിശാച് നിങ്ങളെയും കുഴപ്പത്തിലാക്കാതിരിക്കട്ടെ' എന്ന് ഖുർആനും നബിതിരുമേനിയും പറയുമായിരുന്നില്ല. അപ്പോൾ ആ വീഴ്ച നമുക്കും സംഭവിക്കാം എന്ന് സാരം. നല്ല ചിന്തയും നീതിയിലും നന്മയിലും അധിഷ്ഠിതമായ സൽപ്രവർത്തികളുമായി രണ്ടുലോകത്തും വിജയികളാകാനും സുഖമായി ജീവിക്കാനുമാണ് ഖുർആൻ നമ്മോട് ആവശ്യപ്പെടുന്നത്. (2:201) മരണാനന്തരമുള്ള സ്വർഗ്ഗം പോലെ ഈ ഭൂമിയിലെ ജീവിതവും ഒരു സ്വർഗ്ഗീയാരാമമാക്കാനാണ് ഖുർആനും നബിയും നമ്മെ പഠിപ്പിക്കുന്നത്...! അല്ലാതെ സന്ന്യാസവും, 'തബ്ലീഗും', സൂഫിസവുമൊക്കെ സ്വീകരിച്ച് അനാവശ്യമായി കഷ്ടപ്പെടാനും കാടുകയറാനുമല്ല. മരണാനന്തരമുള്ള സ്വർഗ്ഗവും നരകവും പോലെ ഈ ജീവിതത്തിലും സ്വർഗ്ഗവും നരകവും സൃഷ്ടിക്കാൻ ഓരോ മനുഷ്യനും കഴിയും. ഈ ജീവിതത്തിലെ നമ്മുടെ സുഖവും ദു:ഖവും സ്വർഗ്ഗനരകങ്ങളുടെ ഒരു പ്രതീകം മാത്രമാണ്. വിശ്വാസത്തോടുകൂടിയുള്ള സൽക്കർമ്മങ്ങളാണ് അതിന്റെ കാതൽ. സംതൃപ്തനായ ഒരു വിശ്വാസി ഈ ഭൂമിയിലെന്നും സ്വർഗ്ഗം പണിയുന്നു. അസംതൃപ്തനായ ഒരു അവിശ്വാസിക്ക് ഈ ജീവിതം ഒരു ആജീവനാന്ത നരകവും.

### ആദമിന്റെയും ഇണയുടെയും കഥ ഇപ്പോൾ നാം ഇവിടെ പറയാൻ രണ്ടുകാരണങ്ങളുണ്ട്.

1) സക്കാത്ത് എങ്ങനെ കൊടുക്കണം, എത്ര കൊടുക്കണം എന്ന് ചില സുന്നി മൗലവിമാർ ചോദിക്കാറുണ്ട്. ഖുർആനിൽ സക്കാത്ത് കൊടുക്കണമെന്നല്ലേ പറഞ്ഞിട്ടുള്ളൂ. അതിന്റെ കണക്കും പരിധിയുമൊക്കെ ഖുർആനിൽ നിന്ന് എങ്ങനെ കിട്ടും..? അത് ഹദീസ് ഗ്രന്ഥങ്ങളിൽ നിന്നല്ലേ കിട്ടുകയുള്ളൂ എന്നൊക്കെയാണ് അവരുടെ നൂറ്റാണ്ടുകളായുള്ള ജൽപ്പന

ങ്ങൾ. (' സക്കാത്ത് ഖുർആന്റെ ഖണ്ഡിതമായ അധ്യാപനമാണ്. എന്നാൽ സക്കാത്ത് നിർബന്ധമാകുന്നതിന്റെ പരിധിയും തോതും വിശദീകരിച്ചത് പ്രവാചകനാണ്..' ഒ.അബ്ദുറഹിമാൻ സാഹിബ് - പ്രബോധനം - ഹദീസ് പതിപ്പ് 2007, പേജ് 128). ' സക്കാത്തിൽ അബൂഹുറൈറ നടത്തിയ ഗുരുതരമായ അട്ടിമറികൾ ' എന്ന ഈയുള്ളവന്റെ ലഘുലേഖ മാന്യവായനക്കാർ വായിക്കുക. യഥാർത്ഥത്തിൽ അല്ലാഹുവിനെ മനസ്സിലാക്കിയ ഒരു വിശ്വാസിക്ക് - ആദമിന്റെയും ഇണയുടെയും കഥയിൽ നിന്ന് പാഠം പഠിച്ച ഒരു മുസ്ലിമിന് - സക്കാത്ത് കൊടുക്കാൻ (സദഖ നൽകാൻ-ദാനധർമ്മങ്ങൾ നൽകാൻ) കണക്കുനോക്കേണ്ട ആവശ്യമില്ല. ഓരോ വിശ്വാസിയും അവന്റെ സാമ്പത്തിക സ്ഥിതിയും ദാനധർമ്മം സ്വീകരിക്കുന്നവന്റെ ആവശ്യങ്ങളും ചുറ്റുപാടുമൊക്കെ പഠിച്ചുമനസ്സിലാക്കിയാണ് ദാനധർമ്മങ്ങൾ ചെയ്യുക. അപ്പോൾ അവിടെ യഥാർത്ഥ വിശ്വാസികളാരും ശതമാനം നോക്കാറില്ല. യഥാർത്ഥത്തിൽ സക്കാത്ത് കൊടുക്കണമെന്ന് ഖുർആനും നബിയും എവിടെയും പഠിപ്പിച്ചിട്ടില്ല. സദഖ (ദാനധർമ്മങ്ങൾ) നൽകാനാണ് ഖുർആനും നബിയും പഠിപ്പിക്കുന്നത്. അതിന് പ്രത്യേക ശതമാനമോ പരിധിയോ ഖുർആൻ പഠിപ്പിച്ചിട്ടില്ലതാനും. ' വ അഖീമുസ്സ്വലാത്ത വ ആത്തുസ്സക്കാത്ത ' എന്നാണ് ഖുർആൻ ആവർത്തിച്ച് പറഞ്ഞത്. സ്വലാത്ത് എന്ന് പറഞ്ഞാൽ ദൈവസ്മരണയിൽ ഉറച്ചുനിന്നുകൊണ്ട് നിത്യപ്രാർത്ഥനകൾ അടക്കമുള്ള ബാധ്യതകൾ നിറവേറ്റുക (നിങ്ങളിൽ അർപ്പിതമായ കർമ്മങ്ങൾ ചെയ്യുക) എന്നാണ് അർത്ഥം. അതിൽ നിത്യനമസ്കാരവും (പ്രാർത്ഥനയും പെടുമെന്ന് മാത്രം)....! വിശ്വാസികളായ എല്ലാ വ്യക്തികൾക്കും അല്ലാഹു ഓരോ ബാധ്യതകൾ ഏൽപ്പിച്ചിട്ടുണ്ട്. ദൈവദൂതന്മാർ, മതാധ്യക്ഷന്മാർ, പിതാവ്, മാതാവ്, ഭാര്യ, ഭർത്താവ്, മകൻ, മകൾ, വിദ്യാർത്ഥി, ഗുരുനാഥൻ, അടിമ, ഉടമ, മുതലാളി, തൊഴിലാളി എന്നിങ്ങനെ ജീവിതത്തിന്റെ എല്ലാ മേഖലകളിലും വിശ്വാസിയായ മനുഷ്യന് ചില പ്രത്യേക ബാധ്യതകൾ അല്ലാഹു ഏൽപ്പിച്ചിട്ടുണ്ട്. ഓരോ വ്യക്തിക്കും സ്വന്തം ശരീരത്തോടും, കുടുംബത്തോടും, സമൂഹത്തോടും അതിലുപരി അല്ലാഹുവിനോടും ഒരു കടപ്പാടുണ്ട്. ആ കടപ്പാടുകളുടെ - ബാധ്യതകളുടെ നിർവ്വഹണമാണ് അവന്റെ ദൈനംദിന ജീവിതത്തിലെ കർമ്മങ്ങൾ. (സ്വലാത്ത്) വ്യക്തിയും, സമൂഹവും സാഹചര്യവുമനുസരിച്ച് സ്വാലാത്ത് (കർമ്മങ്ങൾ) മാറിക്കൊണ്ടിരിക്കും. ദൈവസ്മരണയോടെ ആ ബാധ്യതകൾ (ദൗത്യങ്ങൾ) നിർവ്വഹിക്കുക - ചുമതലകൾ നിർവ്വഹിക്കുക എന്നതാണ് സ്വലാത്തിന്റെ ശരിയായ അർത്ഥം. അതിൽ നിത്യനമസ്കാരവും പെടുമെന്ന് മാത്രം. (സ്വലാത്തിനെക്കുറിച്ച് വിശദമായി മറ്റൊരദ്ധ്യായത്തിൽ പ്രതിപാദിച്ചിട്ടുണ്ട്.) ' വ അഖീമുസ്സ്വലാത്ത വ ആത്തുസ്സക്കാത്ത ' (ദൈവവിശ്വാസത്തിലധിഷ്ഠിതമായി നിത്യപ്രാർത്ഥനയടക്കമുള്ള എല്ലാ ബാധ്യതകളും നിറവേറ്റുകയും, സാംസ്കാരിക പ്രവർത്തനങ്ങളോട് സഹകരിക്കുകയും ചെയ്യുക എന്നതാണ് പ്രസ്തുത സൂക്തത്തിന്റെ ശരിയായ അർത്ഥം. അല്ലാതെ സക്കാത്ത് കൊടുക്കണമെന്ന് ഖുർആനിൽ എവിടെയും പറഞ്ഞിട്ടില്ല. സദഖ (ദാനധർമ്മങ്ങൾ കൊടുക്കാനാണ് ഖുർആൻ പറഞ്ഞിട്ടുള്ളത്. അത് നമസ്കാരത്തെക്കുറിച്ചുള്ള ഗ്രന്ഥത്തിൽ വിശദമാക്കിയതിനാൽ ഇവിടെ ആവർത്തിക്കുന്നില്ല. ചുരുക്കത്തിൽ 1200 കൊല്ലമായി സുന്നിമൗലവിമാർ പഠിപ്പിക്കുന്നതുപോലെ സക്കാത്ത് കൊടുക്കണമെന്ന് ഖുർആനിൽ എവിടെയുമില്ല. സ്വന്തം സമ്പാദ്യങ്ങളിൽ നിന്ന് (ആവശ്യം കഴിഞ്ഞ് മിച്ചംവരുന്നതിൽ നിന്ന് ന്യായപ്രകാരം ദാനം നൽകണമെന്ന് മാത്രമാണ് ഖുർആൻ പറഞ്ഞത്. സദഖ (ദാനധർമ്മങ്ങൾ) വാങ്ങാൻ അർഹതയുള്ളവരെപ്പറ്റിയും ഖുർആൻ പറഞ്ഞു എന്നുമാത്രം. (9:60) നാം പറഞ്ഞുവന്നത് സുന്നി-മുജാഹിദ് ജമാഅത്ത് മൗലവിമാർ വിശ്വസിക്കുന്നതുപോലെ 'സക്കാത്ത്' കൊടുക്കാനുള്ളതല്ല സാംസ്കാരികപ്രവർത്തനങ്ങളോട് സഹകരിച്ച് ആത്മപരിശുദ്ധികൈവരിക്കുക എന്നതാണ് അതിന്റെ ശരിയായ അർത്ഥം. കൊടുക്കേണ്ടത് സദഖയാണ് (ദാനധർമ്മമാണ്). അതിനൊരു പരിധിയോ ശതമാനമോ ഖുർആനോ നബിയോ പഠിപ്പിച്ചിട്ടില്ല. ദൈവിക മാർഗ്ഗത്തിൽ ധനം ചിലവഴിക്കുന്നതും ദാനധർമ്മങ്ങൾ ചെയ്യുന്നതും അതോടൊപ്പം ദൈവഭയത്തോടെ നിത്യപ്രാർത്ഥനകൾ അനുഷ്ഠിക്കുന്നതുമെല്ലാം സ്വലാത്തിൽ പെടും. അത് ആത്മപരിശുദ്ധി ' സക്കാത്ത് ' കൊണ്ടുവരാൻ കാരണമായതുമാകുന്നു. വ അഖീമുസ്സ്വലാത്ത വ ആത്തുസ്സക്കാത്ത -

നിങ്ങൾ നിങ്ങളിൽ അർപ്പിതമായ പ്രാർത്ഥന അടക്കമുള്ള കർമ്മങ്ങൾ നിർവ്വഹിക്കുകയും സാംസ്കാരിക പ്രവർത്തനങ്ങളുമായി സഹകരിക്കുകയും ചെയ്യുക എന്നതാണ് അറബി ഭാഷയിലുള്ള പ്രസ്തുത സൂക്തത്തിന്റെ ശരിയായ അർത്ഥം.

2) നബി തിരുമേനി മക്കയിൽ കൊണ്ടുവന്നത് ഒരു 'ഭക്തിപ്രസ്ഥാനമോ', 'നമസ്കാരപ്രസ്ഥാനമോ' ആയിരുന്നില്ല. അതൊരു സാമൂഹ്യസാംസ്കാരിക വിപ്ലവപ്രസ്ഥാനമായിരുന്നു. നബിയുടേത് ഒരു നവോത്ഥാനപ്രസ്ഥാനമായിരുന്നു. വിദ്യാഭ്യാസം എന്തെന്നറിയാത്ത - കലയും സാംസ്കാരവും എന്തെന്നറിയാത്ത, കലഹപ്രിയരെന്നും, വിവരംകെട്ടവരെന്നും ഒന്നിനും കൊള്ളാത്തവരെന്നും അറേബ്യയിലെയും പേർഷ്യയിലെയും റോമാസാമ്രാജ്യങ്ങളിലെയും ചില ജൂതന്മാരും ചില ക്രിസ്ത്യാനികളും കളിയാക്കിയിരുന്ന - പരസ്പരം പോരടിച്ചും കലഹിച്ചും ഗോത്രദൈവങ്ങളെ മുൻനിർത്തി യുദ്ധം ചെയ്തും കഴിഞ്ഞിരുന്ന ആ അറേബ്യൻ ഗോത്രങ്ങളെ (ഉമ്മിയ്യുകളെ) ഏകദൈവം എന്ന തൗഹീദിൽ വിശ്വസിപ്പിച്ച് - അവരെ ഏകീകരിച്ചു - സംസ്കാരസമ്പന്നരാക്കി ലോകശക്തികളോടൊപ്പം നടക്കാൻ പ്രാപ്തരാക്കുക എന്നതായിരുന്നു ആ ദൈവദൂതന്റെ മഹത്തായ ലക്ഷ്യങ്ങളിൽ ഒന്ന്. അതിൽ അദ്ദേഹവും വിശുദ്ധഖുർആനും വിജയിക്കുകയും ചെയ്തു. (3 : 103, 9 : 74)

ലോകഭൂപടത്തിൽ മറ്റുരാജ്യങ്ങളെ അപേക്ഷിച്ച് അറേബ്യ ഒരു ദരിദ്രരാഷ്ട്രമായിരുന്നു. പട്ടിണിയും ദാരിദ്ര്യവും അരാജകത്വവും, ആ അറേബ്യൻ ഗോത്രങ്ങളുടെയും, കുടുംബങ്ങളുടെയും മുഖമുദ്രയായിരുന്നു. തൊട്ടടുത്ത് തന്നെയുണ്ടായി

രുന്ന ലോകമഹാശക്തികളായിരുന്ന റോമൻ-പേർഷ്യൻ സാമ്രാജ്യങ്ങളെ (ഇറാൻ, ഇറാഖ്, സിറിയ, ഈജിപ്ത് എന്നീ രാജ്യങ്ങളെ) അപേക്ഷിച്ച് നോക്കുമ്പോൾ അറേബ്യ ഒന്നുമല്ലായിരുന്നു. മഴയുടെയും, നദികളുടെയും, അഭാവം കാരണമായ വരണ്ട കാലാവസ്ഥയും, ഭക്ഷണത്തിനും, വെള്ളത്തിനും, മേച്ചിൽസ്ഥലങ്ങൾക്കും വേണ്ടിയുള്ള തർക്കങ്ങളിൽ തുടങ്ങുന്ന ഗോത്രയുദ്ധങ്ങളും, സാധാരണ അറബികളുടെ ജീവിതത്തെ എന്നും ഒരു അനിശ്ചിതത്വത്തിൽ നിർത്തുകയും ചെയ്തിരുന്നു. പെട്ടെന്ന് പടികയറിവരുന്ന ഗോത്രയുദ്ധങ്ങളും, പകരം വീട്ടലും, പ്രതീക്ഷിക്കാത്ത സമയത്ത് ആഞ്ഞടിച്ച്, എല്ലാം തകർത്തുകളയുന്ന മരുഭൂമിയിലെ മണൽക്കാറ്റും, പൊടിക്കാറ്റുമെല്ലാം, അറബികളെ പരുക്കൻമാരും, ക്രൂരസ്വഭാവക്കാരുമാക്കി മാറ്റിയിരുന്നു. ഓരോ പ്രഭാതവും, സംശയങ്ങളുടെയും, ആകാംക്ഷയുടെയും നാളുകളായിരുന്നു നാടോടികളായ അറബികളുടെ കൂടാരങ്ങളിലേക്ക് കൊണ്ടുവന്നിരുന്നത്. സ്വന്തം നിലനിൽപ്പിന് വേണ്ടി - സ്വന്തം കുടുംബത്തിന്റെയും, ഗോത്രത്തിന്റെയും ദൈനംദിനാവശ്യങ്ങൾക്ക് വേണ്ടി - അവർക്ക് ഭക്ഷണവും, വെള്ളവും, എത്തിക്കാൻ എപ്പോഴും യുദ്ധസന്നദ്ധനായി നിൽക്കുന്ന ഒരു യോദ്ധാവായിരുന്നു ഓരോ അറബി യുവാവും. അതുകൊണ്ടുതന്നെ യുദ്ധം അവരുടെ രക്തത്തിൽ അലിഞ്ഞുചേർന്നിരുന്നു. അനിഷ്ടകരമായ എന്തെങ്കിലും കണ്ടാൽ ഉടനെ മുഷ്ടി ചുരുട്ടി ആക്രമിക്കുന്ന പ്രകൃതക്കാരൻ. അതുകൊണ്ടുതന്നെ അക്രമസ്വഭാവം അവരുടെ രക്തത്തിൽ അലിഞ്ഞുചേർന്നിരുന്നു. ആരെയും ഇടിക്കാൻ കിട്ടിയില്ലെങ്കിൽ സ്വന്തം സഹോദരന്റെ നേരെ നോക്കി വെല്ലുവിളിച്ചും 'വാടാ നമുക്കൊരു കൈനോക്കാം' എന്ന പ്രകൃതമായിരുന്നത്രേ അറബികളുടേത്. പ്രകൃതിയും ചുറ്റുപാടുമാണ് അവരെ അങ്ങനെ ആക്കിയിരുന്നത്. ഉള്ളിന്റെയുള്ളിൽ അവർ നിഷ്കളങ്കരും ഉദാരമനസ്കരും, ദീനാനുകമ്പയുള്ളവരുമായിരുന്നു. കരിമ്പാറകൾ പോലെ പരുക്കൻമാരായിരുന്ന തന്റെ സഹോദരന്മാരുടെ മനസ്സിനടിയിലെ കാരുണ്യത്തിന്റെയും, സ്നേഹത്തിന്റെയും, നിഷ്കളങ്കതയുടെയും, നീരുറവകൾ നേരിട്ട് കണ്ടറിഞ്ഞവനായിരുന്നു മുഹമ്മദ് എന്ന ദൈവദൂതൻ. യഥാർത്ഥത്തിൽ അവർക്ക് ശക്തമായ ഒരു നേതൃത്വം കൊടുക്കാൻ ഒരു നേതാവില്ലാത്തതായിരുന്നു അവരുടെ ഏറ്റവും വലിയ പ്രശ്നം. ആ സത്യം കണ്ടറിഞ്ഞവനായിരുന്നു നബിതിരുമേനി. അവരുടെ മനസ്സും, മനഃശാസ്ത്രവും, ചിന്താഗതികളും, നടപടിക്രമങ്ങളും നബിയോളം പഠിച്ച് മനസ്സിലാക്കിയ മറ്റൊരു കച്ചവടക്കാരൻ അന്ന് അറേബ്യയിൽ ഉണ്ടായിരുന്നില്ല. അതുകൊണ്ടുതന്നെയാണ് അല്ലാഹു അവരിലേക്കുള്ള ദൈവദൂതനായി മുഹമ്മദ് എന്ന ആ ചെറുപ്പക്കാരനെ നിയോഗിച്ചതും. ആ ദൈവദൂതൻ അവർക്കിടയിൽ ഒരു കുളിർകാറ്റായി ഓടി നടന്നു.

നബി തിരുമേനി മക്കയിൽ വരുമ്പോൾ ഓരോ ഗോത്രങ്ങളും അവരുടെ ആവശ്യങ്ങൾക്ക് വേണ്ടി മാത്രം മുറവിളി കൂട്ടുകയും കൊലവിളി നടത്തുകയും, യുദ്ധം ചെയ്യുകയുമായിരുന്നു ചെയ്തിരുന്നത്. ഓരോ ഗോത്രങ്ങളും സ്വഭാവത്തിൽ ഒരു കൊച്ചുരാഷ്ട്രം തന്നെയായിരുന്നു. സ്വന്തം ഗോത്രങ്ങളുടെ ആവശ്യങ്ങൾ നേടിയെടുക്കുക എന്നതിൽ കവിഞ്ഞ് അവിടെ നീതിക്കും, നന്മക്കും യാതൊരു സ്ഥാനവും ആരും കൽപ്പിച്ചിരുന്നില്ല. പരസ്പരമുള്ള ഈ ഗോത്രവഴക്കുകളിലും, യുദ്ധങ്ങളിലും, നാശവും, നഷ്ടവും, അറബികൾക്ക് തന്നെയായിരുന്നു. യഥാർത്ഥത്തിൽ അവരുടെ പട്ടിണിയും, ദാരിദ്ര്യവും, അരക്ഷിതാവസ്ഥയും, അവർ തന്നെ വിളിച്ചുവരുത്തിയതായിരുന്നു. അഹംഭാവത്തിന്റെയും (ഈഗോയുടെയും) ഗോത്രമഹിമയുടെയും, ചെറിയതർക്കങ്ങളിൽ നിന്ന് ഉടലെടുത്ത പ്രതികാരവാഞ്ജയും, തുടർന്നുണ്ടാകുന്ന മഹായുദ്ധങ്ങളും കാരണം അറബികളുടെ സമ്പാദ്യവും, സ്വസ്ഥതയും, ജീവിതവും തന്നെയാണ് നശിച്ചിരുന്നത്. പരിഷ്കൃതയുഗം എന്ന് നാം വീമ്പിളക്കുന്ന ഈ കാലഘട്ടത്തിൽ പോലും അതിഭീമമായ ഒരു തുകയാണ് പട്ടാളക്കാർക്കും സൈനിക നടപടികൾക്കും, രാജ്യരക്ഷക്കും വേണ്ടി ഓരോ രാഷ്ട്രങ്ങളും നീക്കിവെക്കുന്നത്. **ഒരു സെക്കന്റിൽ മാത്രം ലോകത്താകെ നാലര ലക്ഷം രൂപ യുദ്ധത്തിനായി ചിലവിട്ടുകൊണ്ടിരിക്കുന്നു.** ഊഹത്തിന്റെയും, കേട്ടുകേൾവിയുടെയും, അതുമൂലമുണ്ടാകുന്ന ഭീതിയുടെയും മറപിടിച്ചാണ് ഓരോ രാജ്യത്തിന്റെയും, ആഭ്യന്തരവകുപ്പ് ഭീമമായ തുക സൈനികസേവനത്തിനും, രാജ്യരക്ഷക്കും വേണ്ടി മാറ്റിവെക്കുന്നത്. അമേരിക്കക്ക് റഷ്യ വിഴുങ്ങുമോ എന്ന പേടി, റഷ്യക്ക് അമേരിക്ക വിഴുങ്ങുമോ എന്ന പേടി, ഇന്ത്യക്ക് പാക്കിസ്ഥാൻ ആക്രമിക്കുമോ എന്ന പേടി, ഇന്ത്യയും ബംഗ്ലാദേശും ചേർന്ന് പാക്കിസ്ഥാനെ വിഴുങ്ങുമോ എന്ന് പാക്കിസ്ഥാന് പേടി. കുവൈറ്റിന് ഇറാഖ് തങ്ങളെ വീണ്ടും അക്രമിക്കുമോ എന്ന ഭയം, സൗദിഅറേബ്യക്ക് യെമൻ അക്രമിക്കുമോ എന്ന ഭയം... ഈ ഭയവും ആശങ്കയുമാണ് പ്രതിരോധാവശ്യത്തിനും, സൈനികചിലവിനും, ഭീമമായ തുക ബജറ്റിൽ നീക്കിവെക്കാൻ ഓരോ രാജ്യങ്ങളെയും പ്രേരിപ്പിക്കുന്നത്.

## മലയാളമനോരമയിൽ (06-08-2010) വന്ന ഒരു റിപ്പോർട്ട് കാണു...

### *യുദ്ധക്കൊതിയന്മാർ അറിയാൻ...*

▲ ഇരുപത്തിമൂന്നോളം ദരിദ്രരാഷ്ട്രങ്ങളുടെ വിദ്യഭ്യാസ ബജറ്റിന് തുല്യമാണ് ഒരു അണുവായുധ മുങ്ങിക്കപ്പലിന്റെ വില. ഒരു ആധുനിക ടാങ്ക് വാങ്ങാനുള്ള പണം ഉണ്ടെങ്കിൽ 80 ലക്ഷം ജനങ്ങൾക്ക് ഒരു ദിവസത്തെ റേഷൻ നൽകാനോ, മുപ്പതിനായിരം കുട്ടികൾക്ക് വേണ്ട 1000 ക്ലാസ് മുറികൾ നിർമ്മിക്കാനോ കഴിയും.

▲ മലമ്പനി നിർമ്മാർജ്ജനത്തിന് ലോകാരോഗ്യസംഘടന കണക്കാക്കിയിട്ടുള്ള തുക അര ദിവസത്തെ യുദ്ധച്ചിലവിന് തുല്യമാണ്.

▲ ഒരു പട്ടാളക്കാരന് വേണ്ട പ്രതിശീർഷ യുദ്ധച്ചിലവ് 5,70,000 രൂപയാണെങ്കിൽ ഒരു സ്കൂൾ കുട്ടിക്ക് വേണ്ടത് 4,130 രൂപ മാത്രമാണ്.

▲ ലോകത്ത് ഒരു ലക്ഷം ജനങ്ങൾക്ക് 556 പട്ടാളക്കാർ വീതമുണ്ട്. എന്നാൽ 85 ഡോക്ടർമാർ മാത്രമേ ഉള്ളൂ.

▲ **ഒരു സെക്കന്റിൽ മാത്രം ലോകത്താകെ നാലര ലക്ഷം രൂപ യുദ്ധത്തിനായി ചിലവഴിക്കുന്നു.**

**ഇതാണ് നേട്ടം**

യുദ്ധം നല്ലതൊന്നും നമുക്ക് നൽകുന്നില്ല. പിന്നെയോ അണുപ്രസരണം, വായുമലിനീകരണം, ജലമലിനീകരണം, പട്ടിണി, ദാരിദ്ര്യം, മാറാരോഗങ്ങൾ, പകർച്ചവ്യാധികൾ, തൊഴിലില്ലായ്മ, നിരക്ഷരത, സാമ്പത്തിക തകർച്ച, അഭയാർത്ഥിപ്രവാഹം, വിലക്കയറ്റം.... ഇനിയുമുണ്ട് കൂട്ടിച്ചേർക്കാൻ.

*(കടപ്പാട് : അജിത്ത് ചെറുവള്ളി, എൻ.കെ.സുകുമാരൻ നായർ, വി.വി.വേണുഗോപാൽ)*

നബിയുടെ കാലത്ത് അറേബ്യയിൽ പ്രകൃതിവിഭവങ്ങളും കുറവായിരുന്നു. അതുകൊണ്ടുതന്നെ ജനവാസവും കുറവായിരുന്നു. എന്നിട്ടും, ആ അറേബ്യൻ ഗോത്രങ്ങൾക്ക് വേണ്ട ആഹാരവും, വെള്ളവും ദൈവം അവിടെ ഒരുക്കിയിരുന്നു. പക്ഷേ സഹകരിച്ച് നിന്ന് പരസ്പരം, സ്നേഹത്തോടെ പങ്കിടുന്നതിന് പകരം ആ ദൈവികവിഭവങ്ങൾ മറ്റു ഗോത്രങ്ങൾക്ക് നൽകാതെ സ്വന്തമാക്കുന്നതിലായിരുന്നു പല ഗോത്രത്തലവന്മാരുടെയും താൽപര്യം. ആ മാത്സര്യമായിരുന്നു ഗോത്രവഴക്കുകളുടെയും നൂറ്റാണ്ടുകൾ നീണ്ടുനിന്ന ഗോത്രയുദ്ധങ്ങളുടെയും കാരണം. ഈ സത്യം മനസ്സിലാക്കിയവനായിരുന്നു ദൈവദൂതനായ മുഹമ്മദ്. വിപ്ലവം മനസ്സിൽ നിന്ന് ആരംഭിക്കണമല്ലോ. അറബികളുടെ സാംസ്കാരിക -സാമൂഹ്യ നവോത്ഥാനത്തിന് അവർക്കൊരു മനംമാറ്റം ആവശ്യമായിരുന്നു. അതിന്റെ ആദ്യപടിയായിട്ടാണ് ഖുർആൻ നബിക്ക് ആദമിന്റെയും ഇണയുടെയും കഥ പറഞ്ഞുകൊടുത്തത്. അതുവഴി കാമ-ക്രോധ-മോഹാദികളാൽ നട്ടുവളർത്തപ്പെടുന്ന - നഷ്ടങ്ങളും ദുരന്തങ്ങളും നാണക്കേടും മാത്രം സമ്മാനിക്കുന്ന ആ ശപിക്കപ്പെട്ട വൃക്ഷത്തിൽ നിന്ന് - കക്ഷിമാത്സര്യത്തിൽ നിന്നും അത്യാഗ്രഹത്തിൽ നിന്നും അകന്നുനിൽക്കാനും, ഉള്ളതുകൊണ്ട് ഓണം പോലെ ആഘോഷത്തോടെ ജീവിക്കാനും, ആ ദൈവദൂതൻ അറബികളെ പഠിപ്പിച്ചു. അറബികൾക്ക് ആദ്യമായി അറബികളുടേതായ ഒരു രാഷ്ട്രം ഉണ്ടാക്കാമെന്നും അവർക്ക് അവരുടേതായ ഒരു ഭരണഘടനയും (സിവിൽ & ക്രിമിനൽ പീനൽ കോഡ്), പൊതുഖജനാവും (പബ്ലിക് ഫൈനാൻസ്, ബൈത്തുൽമാൽ) ഉണ്ടാക്കാമെന്ന് ആ ദൈവദൂതൻ കാണിച്ചുകൊടുത്തു. അങ്ങനെ ഒന്നിനും കൊള്ളാത്തവരെന്നും, കലഹപ്രിയരെന്നും അന്നത്തെ ലോകവൻശക്തികളായ പേർഷ്യൻ - റോമാ സാമ്രാജ്യങ്ങൾ കളിയാക്കിയ അറബികൾ ആർക്കും വേണ്ടാത്ത അറേബ്യയിൽ ഒരു മാതൃകാരാഷ്ട്രം പണിതതും, അവിടുത്തെ ജനങ്ങൾ സംതൃപ്തിയോടെ ജീവിക്കുന്നതും അവർ അത്ഭുതത്തോടെ നോക്കി നിന്നു. തങ്ങളുടെ കച്ചവടയാത്രയിൽ നിന്ന് കിട്ടിയ ലാഭവിഹിതങ്ങളും, തുലോം തുഛമായ പ്രകൃതിവിഭവങ്ങളും ചൂഷണം ചെയ്ത് നരകതുല്യമായിരുന്ന അറേബ്യയെ നബിയും ഖുർആനും ഒരു സ്വർഗ്ഗമാക്കി - മാതൃകാരാഷ്ട്രമാക്കി മാറ്റിയെടുത്തു. ഗോത്രമഹിമക്കും പാരമ്പര്യത്തിനും പകരം, സത്യവും നീതിയും മാത്രമായി മാനദണ്ഡം. ആദമിന്റെയും, ഇണയുടെയും കഥ പറഞ്ഞുകൊടുത്ത് നബിയും ഖുർആനും, മുഹാജിറുകളും, അൻസാറുകളും, അറബികളിൽ വരുത്തിയ മനംമാറ്റമായിരുന്നു എല്ലാ വിപ്ലവത്തിന്റെയും അടിസ്ഥാനം. നബി തിരുമേനിയുടെ രണ്ട് കരങ്ങൾ പോലെ പ്രവർത്തിച്ച ആ മുഹാജിറുകളും, അൻസാറുകളും (മക്കക്കാരും, മദീനക്കാരും), ജൂതന്മാരും ചേർന്നാണ് അറേബ്യയിൽ - മദീനയിൽ ആദ്യമായി ഒരു ദൈവീകജനാധിപത്യ ഭരണം സ്ഥാപിച്ചത്. മദീന ആസ്ഥാനമായി ആരംഭിച്ച നബിയുടെ ഇസ്ലാമിക പ്രസ്ഥാനം വളർന്നു. അതു മക്കയെയും അറേബ്യയെയും പൂർണ്ണമായും, ഇസ്ലാമിക ഭരണത്തിൻ കീഴിൽ കൊണ്ടുവന്നു. അഹങ്കാരികളും, വായാടികളും, പൊങ്ങച്ചക്കാരുമായ 'ഖുറൈഷിക്കൂട്ടങ്ങൾ നബിയുടെ ഈ ജൈത്രയാത്ര കണ്ട് സ്തംഭിച്ചു നിന്നു. മക്കയിലെയും, അറേബ്യയിലെയും ചില ഗോത്രത്തലന്മാർ മാത്രമാണ് മനസ്സുകൊണ്ട് നബിയുടെയും, നബിയുടെ ഇസ്ലാമിക രാഷ്ട്രത്തെയും അംഗീകരിക്കാതിരുന്നത്. അറേബ്യയിലെ ആ മാതൃകാരാഷ്ട്രവും, സൽഭരണവും, തങ്ങളുടെ പ്രജകൾക്ക് ആ ഭരണത്തോടുള്ള ബഹുമാനവും തങ്ങൾക്കൊരു ഭീഷണിയാവുമെന്ന് തൊട്ടടുത്ത റോമാ-പേർഷ്യൻ (ഇറാൻ, ഇറാഖ്, സിറിയ, ഈജിപ്ത്) രാജ്യങ്ങളിലെ ചക്രവർത്തിമാർക്ക് തോന്നിത്തുടങ്ങി. അവർ മദീനയുടെ അതിർത്തിയിലുള്ള മുസ്ലിം ഗോത്രങ്ങളെ അക്രമിക്കാൻ ആരംഭിച്ചു. അതൊരു തുടക്കമായിരുന്നു. നബിയുടെ ഇസ്ലാമിക രാഷ്ട്രത്തിനു നേർക്കുള്ള ആദ്യത്തെ അധിനിവേശം. ഇങ്ങോട്ട് ആക്രമിച്ചപ്പോൾ മാത്രമാണ്. ദൈവദൂതനും, കൂട്ടുകാർക്കും ആയുധങ്ങൾ എടുക്കേണ്ടി വന്നത്. കീഴടക്കലും ഭരിക്കലുമൊന്നും ഇസ്ലാമിന്റെ ലക്ഷ്യമോ, നയമോ ആയിരുന്നില്ല. (2:190-194, 9:13, 8:30, 8:38) പക്ഷേ അതിർത്തിയിലുള്ള നിരന്തരമായ നുഴഞ്ഞുകയറ്റവും, ഭീഷണിയും, അശാന്തിയും ഒടുവിൽ ആ ദൈവദൂതനെയും, കൂട്ടുകാരെയും, പ്രതിരോധമുറയിൽ നിന്ന് അധിനിവേശത്തിലേക്ക് നയിച്ചു. അക്രമണം തുടങ്ങിയത് ശത്രുക്കളായിരുന്നു. സ്വന്തം നാടും വീടും ഭീഷണിയിലായപ്പോൾ അവർ വാളെടുത്തു എന്നു മാത്രം. അതു മഹത്തായ ഒരു അധിനിവേശത്തിന്റെയും, ജൈത്രയാത്രയുടെയും

തുടക്കമായിരുന്നു. അവർ - നബിയും, ഖലീഫാ ഉമറും - അറേബ്യയുടെയും തങ്ങൾ പടുത്തുയർത്തിയ അറബ് രാഷ്ട്രത്തിന്റെയും സുരക്ഷക്കായി തൊട്ടടുത്തുള്ള ഇറാഖിലേക്കും, ഈജിപ്തിലേക്കും, സിറിയയിലേക്കും, കാലെടുത്തു വെച്ചു. അവിടുത്തെ മർദ്ദകഭരണത്തിന്റെ കീഴിൽ പൊറുതിമുട്ടിയ സാധാരണക്കാരെല്ലാം, നബിയുടെയും, തുടർന്ന് ഖലീഫാ ഉമറിന്റെയും സൈന്യത്തെ സ്വാഗതം ചെയ്തു. അന്നാട്ടിലെ രാജാക്കന്മാർ മാത്രമായിരുന്നു ഇസ്ലാമിന് ഭീഷണി. അതുകൊണ്ടു തന്നെ ഏതാനും വർഷം കൊണ്ട് ആ രണ്ടുസാമ്രാജ്യങ്ങളും തകർന്ന് തരിപ്പണമായി. റോമാ സാമ്രാജ്യവും, പേർഷ്യയും ഇസ്ലാമിന്റെ കൊടിക്കൂറക്ക് കീഴിലാവുകയും ചെയ്തു.

ഇറാൻ, ഇറാഖ്, സിറിയ, ഈജിപ്ത്, പാലസ്തീൻ തുടങ്ങിയ രാജ്യങ്ങളിലെ രാജാക്കന്മാരും, ഇടപ്രഭുക്കളും, കുന്നുകൂട്ടി വെച്ചിരുന്ന സമ്പാദ്യങ്ങളെല്ലാം, ഖലീഫാ ഉമറിന്റെ നിയന്ത്രണത്തിൽ വന്നു. ഖലീഫയുടെ നിർദ്ദേശപ്രകാരം ഖലീഫയുടെ സൈനിക നേതാക്കന്മാർ ആ സ്വത്തുക്കളുടെ ഒരു പട്ടിക തയ്യാറാക്കി. അവിടുത്തെ സാധാരണ ജനങ്ങളെ ചൂഷണം ചെയ്ത് അവർ സമ്പാദിച്ചുവെച്ചതായിരുന്നു അവയെല്ലാം. ഖലീഫയുടെ നിർദ്ദേശപ്രകാരം ആ സ്വത്തുക്കളെല്ലാം ആ രാജ്യങ്ങളിലെ നിർമ്മാണപ്രവർത്തനങ്ങൾക്കും, കൃഷി ആവശ്യങ്ങൾക്കും, ജലസേചനപദ്ധതികൾക്കും വിനിയോഗിച്ചു. റോമാ-പേർഷ്യൻ സാമ്രാജ്യങ്ങൾക്ക് കീഴിൽ അടിമകളെപ്പോലെ കഴിഞ്ഞിരുന്ന അന്നാട്ടുകാർക്ക് ഒരു വലിയ അനുഗ്രഹവും, ആശ്വാസവുമായിരുന്നു ഖലീഫയുടെ ആ നടപടി. പട്ടിണിയും, പരിവട്ടവുമായി കഴിഞ്ഞിരുന്ന സാധാരണ കുടുംബങ്ങളിൽ ആഹ്ലാദത്തിന്റെ ദിനരാത്രങ്ങൾ വിരുന്നുവരാൻ തുടങ്ങി. അവിടുത്തെ ജനങ്ങൾ സന്തോഷത്തോടുകൂടി ഖലീഫയുടെയും, ഇസ്ലാമിന്റെയും വിശാലമനസ്കതയെ വാഴ്ത്തിപ്പാടി. തൊട്ടടുത്തുള്ള നാട്ടുകാർ ഇസ്ലാമിനെയും, ഖലീഫാ ഉമറിനെയും സ്വാഗതം ചെയ്യാൻ ഒരു കാരണം ഇസ്ലാമിന്റെയും, ഖലീഫയുടെയും ഈ സോഷ്യലിസ്റ്റ് ചിന്താഗതിയും, ധനവിതരണ പദ്ധതിയുമായിരുന്നു. എന്നിട്ടും ഖലീഫയുടെ ഖജനാവിൽ കോടികൾ അവശേഷിച്ചു. അപ്പോഴാണ് വൃദ്ധന്മാർക്കും, സ്ത്രീകൾക്കും, കുട്ടികൾക്കും, പ്രത്യേക പെൻഷൻ പദ്ധതി ഖലീഫാ ഉമർ പ്രഖ്യാപിച്ചത്. മാത്രമല്ല പട്ടാളത്തിൽ നിന്ന് പിരിഞ്ഞവർക്കും, പരിക്ക് പറ്റിയവർക്കും, പ്രത്യേക പെൻഷൻ പദ്ധതിയും, ഉമർ ആവിഷ്കരിച്ച് നടപ്പിലാക്കി. പെൻഷൻ പദ്ധതിയുടെ രേഖകൾ സൂക്ഷിക്കാനും, മറ്റുമായി മദീനയിൽ ഒരു പ്രത്യേക സെൽ തന്നെ ഉമർ നിർമ്മിച്ചു. അങ്ങനെ സമ്പത്തുകൾ ഒരു പ്രത്യേക സ്ഥലത്ത് കുന്നുകൂടാൻ അനുവദിക്കാതെ - ഇന്നത്തെ ഭരണാധികാരികളെപ്പോലെ സമ്പാദിച്ചുകൂട്ടാതെ- ആ ധനമെല്ലാം സാധാരണ പൗരന്മാർക്ക് വേണ്ടി ചിലവഴിച്ചും, അവരെ കഷ്ടപ്പാടിൽ നിന്നും, ദാരിദ്ര്യത്തിൽ നിന്നും മോചിപ്പിച്ചവരായിരുന്നു നബിയും, ഖലീഫാ ഉമറുമൊക്കെ.

നബി മദീനയിൽ സ്ഥാപിച്ച ആ മാതൃകാഇസ്ലാമിക രാഷ്ട്രം അതിന്റെ സർവ്വ ഐശ്വര്യങ്ങളോടും കൂടി ജ്വലിച്ചുനിന്നത് ഖലീഫാ ഉമറിന്റെ ഭരണകാലത്തായിരുന്നു. റോമാ-പേർഷ്യൻ സാമ്രാജ്യങ്ങളുടെ കീഴടങ്ങലും, അവിടെ നിന്നുള്ള വമ്പിച്ച സമ്പാദ്യങ്ങളുടെ വരവുമായിരുന്നു അതിന് കാരണം. ഖലീഫാ ഉമറിന്റെ ഇസ്ലാമിക രാഷ്ട്രത്തിൽ ദാനധർമ്മങ്ങൾ (സക്കാത്ത്, സദഖ) സ്വീകരിക്കാൻ ആളില്ലാത്തവിധം ജനങ്ങളെല്ലാം, സ്വയം പര്യാപ്തരും, സന്തുഷ്ടരുമായി മാറി..! എന്നാൽ ഇസ്ലാമിന്റെ ആ നല്ലനാളുകൾ ഖലീഫാ ഉമറിന്റെ ഭൗതികശരീരത്തോടൊപ്പം മദീനയിലെ മണ്ണിൽ അറബികൾ തന്നെ കുഴിച്ചുമൂടുന്നതാണ് പിന്നീട് നാം കാണുന്നത്.

സിറിയ കീഴടക്കാൻ വേണ്ടി ഉമർ നിയോഗിച്ച സൈന്യത്തിന്റെ തലവനായിരുന്നു യസീദുബിൻ അബൂസുഫ്യാൻ. ആ യസീദിന്റെ സഹായത്തിനായി കൂടെപ്പോയ സഹോദരനായിരുന്നു അബൂസുഫ്യാന്റെ മകൻ മുആവിയ. ആ മുആവിയ പിന്നീട് സിറിയൻ പ്രവിശ്യയുടെ ഗവർണറാകുകയും പിന്നീട് രാജാവായി സ്വയം അവരോധിക്കുകയും ചെയ്തു. റോമൻ ചക്രവർത്തിമാരെപ്പോലെയാണ് പിന്നീട് മുആവിയ ഭരിച്ചത്. ഖലീഫാ ഉമറിന്റെ പിൻതുടർച്ചക്കാരായി വന്ന ഉസ്മാനും, അലിയും, ഹസനും, ഹുസൈനുമൊക്കെ വധിക്കപ്പെട്ടു..!! മുആവിയ ഇസ്ലാമിന്റെ ലേബലിൽ സിറിയ ആസ്ഥാനമാക്കി രാജഭരണം - അമവി ഭരണം ആരംഭിക്കുകയും ചെയ്തു.അന്നു മുതൽ - ഖലീഫാ ഉമറിന്റെ മരണത്തോടെ പിളരാൻ തുടങ്ങിയ, ഇസ്ലാം സുന്നി-ശിയ എന്നിങ്ങനെ രണ്ട് രാഷ്ട്രീയ പ്രസ്ഥാനങ്ങളായി പൂർണ്ണമായി പിളർന്നു അസ്തമിച്ചു. അഹ്ലുസ്സുന്നത്തുവൽ ജമാഅത്ത് എന്ന ഖുർആൻ വിരുദ്ധ ഹദീസ് സംഘനക്ക് - സുന്നി മതത്തിന് - മുആവിയ തുടക്കമിട്ടത് അന്നുമുതലാണ്. നബിയും, ഖലീഫാ ഉമറും അവലംബിച്ചിരുന്ന ഖുർആൻ എന്ന പ്രമാണ ഗ്രന്ഥം ക്രമേണ തിരസ്കരിക്കപ്പെട്ടു. ഖുർആന് പകരം ഹദീസുകൾ വന്നു. ഇസ്ലാമിന്ന് പകരം ഖുർആനും, സുന്നത്തും എന്ന സുന്നി മതവും, ഖുർആനും അഹ്ലുബൈത്ത് എന്ന ശിയാ മതവും വന്നു. നബിയും, ഖലീഫാ ഉമറും, അറേബ്യയിൽ കൊണ്ടുവന്ന സാമൂഹ്യ-സാംസ്കാരിക വിപ്ലവപ്രസ്ഥാനം രണ്ടു നമസ്കാര പ്രസ്ഥാനങ്ങളായി അധഃപതിച്ചു.

മക്ക-മദീന-ത്വായിഫ് എന്നീ പട്ടണങ്ങൾ ചേർന്ന ഹിജാസ് പ്രവിശ്യയുടെ (സൗദിഅറേബ്യയുടെ) അതിർത്തികൾ കടന്ന് ഇറാനിലും, ഇറാഖിലും, സിറിയയിലും, ഈജിപ്തിലും, ഇസ്ലാം അനായാസം പ്രചരിക്കാൻ കാരണം നബിയുടെയും ഖലീഫാ ഉമറിന്റെയും, നീതിയിലും, നന്മയിലും, അധിഷ്ഠിതമായ - തൗഹീദിലധിഷ്ഠിതമായ ഖുർആനിക (ജനാധിപത്യഭരണമായിരുന്നു) അവിടുത്തെ ജനങ്ങൾ ഏതു ഭാഷയിലാണ് പ്രാർത്ഥിച്ചത്, എങ്ങോട്ട് തിരിഞ്ഞാണ് പ്രാർത്ഥിച്ചത്, എങ്ങനെയാണ് പ്രാർത്ഥിച്ചിരുന്നത്, നമസ്കരിച്ചിരുന്നത് - എന്നതൊന്നും നബിക്കോ, ഖലീഫാ ഉമറിനോ ഒരു വിഷയമേ ആയിരുന്നില്ല. ആകെ അവർ ആവശ്യപ്പെട്ടത് നബിയെയും, ഖുർആനിനെയും അംഗീകരിക്കുക. മുസ്ലിംകളെ കളിയാക്കാതിരി

ക്കുക. നബിയുടെ ഇസ്ലാമിക ഭരണത്തെ അംഗീകരിക്കുക. മതത്തിൽ യാതൊരു നിർബന്ധവുമില്ല. നബിയെയും, നബിയുടെ ഇസ്ലാമിക ഭരണത്തെയും, അംഗീകരിക്കുന്നതിന്റെ ഭാഗമായി 'ജിസ്യ' എന്ന നികുതി നൽകുക. ആ 'ജിസ്യ' ആകട്ടെ റോമാ-പേർഷ്യൻ സാമ്രാജ്യങ്ങളിലെ സാധാരണക്കാരിൽ നിന്ന് അന്നത്തെ രാജാക്കന്മാരും ഇടപ്രഭുക്കളും, വസൂലാക്കിയിരുന്ന നികുതിയുടെ പത്തിൽ ഒന്നുപോലും വരുമായിരുന്നില്ല. വർഷത്തിൽ ഒരു ദിനാർ വെച്ച് ഓരോ അമുസ്ലിം പ്രജയും നൽകണമായിരുന്നു. മാത്രമല്ല സ്ത്രീകളെയും, കുട്ടികളെയും, വൃദ്ധന്മാരെയും, ആ 'ജിസ്യ'യിൽ നിന്ന് നബിയും, ഖലീഫമാരും ഒഴിവാക്കിയിരുന്നു. നികുതി നൽകുന്നതിന് പകരമായി അവർക്കെല്ലാവിധ സാമൂഹ്യ-സാമ്പത്തിക-രാഷ്ട്രീയ സുരക്ഷിതത്വവും ഖലീഫാ ഉമർ തിരിച്ചും വാഗ്ദാനം ചെയ്തിരുന്നു. ഇന്നത്തെ ജനാധിപത്യരാജ്യങ്ങളിൽ കണ്ടു വരുന്ന കാർഷിക നികുതിയുടെയും, ആദായനികുതിയുടെയും, കെട്ടിടനികുതിയുടെയുമൊക്കെ തുകക്ക് തുല്യമായ ഒരു സംഖ്യമാത്രമായിരുന്നു അത്. ചില നിരീശ്വരവാദികളും, സത്യനിഷേധികളും, പ്രചരിപ്പിക്കുന്നതുപോലെ 'ജിസ്യ' പക്ഷപാതപരമായ ഒരു നികുതി ആയിരുന്നില്ല. രാഷ്ട്രത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കും, ജനക്ഷേമപ്രവർത്തനങ്ങൾക്കും അതാവശ്യമായിരുന്നു. അതേസമയം നബിയിൽ വിശ്വസിച്ചിരുന്ന സമ്പന്നരിൽ നിന്ന് അവരുടെ സമ്പാദ്യത്തിൽ നിന്ന് പത്ത് ശതമാനം വരെയൊക്കെ നബി മുതൽ ഖലീഫാ അലി വരെയുള്ള ഭരണാധികാരികൾ സക്കാത്ത് എന്ന പേരിൽ നികുതി ഈടാക്കിയിരുന്നു. ബജറ്റിൽ കമ്മി വരുമ്പോൾ മുസ്ലിംകളും, അമുസ്ലിംകളുമായ സാധാരണക്കാരിൽ നിന്ന് അത് വസൂലാക്കാതെ സമ്പന്നരുടെ സദക്കയുടെ ശതമാനത്തിന്റെ തോത് വർദ്ധിപ്പിച്ച് അതിൽ നിന്ന് വസൂലാക്കുകയായിരുന്നു പതിവ്. ഇങ്ങനെ രണ്ടരശതമാനം മുതൽ പത്ത് ശതമാനം വരെ നബി മുതൽ ഖലീഫാ അലി വരെയുള്ള ഭരണാധികാരികൾ വിശ്വാസികളിൽ നിന്ന് (മുസ്ലിംപ്രജകളിൽ നിന്ന്) സക്കാത്ത് പിരിച്ചെടുത്തതായി ചരിത്രത്തിൽ കാണാം. കൂടാതെ സമരാർജ്ജിത സ്വത്തുക്കളിൽ നിന്നുള്ള അഞ്ചിൽ ഒന്നും (ഗ്വനീമത്ത്) ശത്രുക്കൾ ഉപേക്ഷിച്ചുപോകുന്ന മുതലുകളും (ഫൈഅ്), രാജ്യത്തിന്റെ പൊതുതാൽപര്യങ്ങൾക്ക് വേണ്ടിയാണ് നബിയും ഖലീഫാ ഉമറും ഉപയോഗിച്ചിരുന്നത്. ചുരുക്കത്തിൽ റോമാ - പേർഷ്യൻ സാമ്രാജ്യങ്ങളിലെ രാജാക്കന്മാർ അവരുടെ പ്രജകളുടെ മേൽ ചുമത്തിയിരുന്ന നികുതിയുടെ പത്തിൽ ഒന്നു പോലും വരുമായിരുന്നില്ല നബിയുടെയും ഖലീഫമാരുടെയും ജിസ്യ. അതുകൊണ്ടുതന്നെ നബിയുടെയും, ഖലീഫാ ഉമറിന്റെയും ഭരണത്തിൻ കീഴിൽ അറേബ്യയിലെയും, ഇറാഖ്, ഈജിപ്ത്, സിറിയ തുടങ്ങിയ രാജ്യങ്ങളിലെയും, കർഷകരും, കച്ചവടക്കാരും, നികുതിഭാരത്താൽ ഞെരുങ്ങിയിരുന്നില്ല. എന്നാൽ മുആവിയ ഇസ്ലാമിനെ രാജഭരണമാക്കി മാറ്റിയപ്പോൾ 'ജിസ്യ' എന്ന നികുതി ക്രമേണ എട്ടും, പത്തും ഇരട്ടിയായി വർദ്ധിപ്പിച്ചു. അതാകട്ടെ നബിയും, ഖലീഫാ ഉമറുമൊക്കെ എതിർത്തു തോൽപിച്ച റോമാ-പേർഷ്യൻ സാമ്രാജ്യങ്ങളിലെ രാജാക്കന്മാർ സാധാരണക്കാരുടെ മേൽ ചുമത്തിയ നികുതിക്ക് തുല്യവുമായിരുന്നു. ഇന്ത്യൻ ഉപഭൂഖണ്ഢത്തിലെ ബുദ്ധിജീവികൾ 'ജിസ്യ'യെ എതിർക്കാനും, വിമർശിക്കാനും ഒരുകാരണമിതായിരുന്നു.

നബി മുതൽ ഖലീഫാ ഉമർ വരെയുള്ളവരുടെ കാലഘട്ടത്തിൽ 'മുസ്ലിം ആകുക' അല്ലെങ്കിൽ 'ഇസ്ലാം മതത്തിൽ ചേരുക' എന്നത് വളരെ എളുപ്പമുള്ള ഒരു കാര്യമായിരുന്നു. ഇന്ത്യക്കാരൻ ഇന്ത്യൻ നാഷണൽ കോൺഗ്രസിൽ ചേരുന്നതുപോലെയോ, അല്ലെങ്കിൽ ഒരു മലയാളി കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിൽ ചേരുന്നതുപോലെയോ എളുപ്പമുള്ള ഒരു കാര്യമായിരുന്നു അത്. എന്നാൽ മുആവിയ എന്ന ജൂതരാജാവ് തന്ത്രപൂർവ്വം ഇസ്ലാമിക ഭരണം അവസാനിപ്പിക്കുകയും, മദീനാ പട്ടണത്തെ തകർത്തുതരിപ്പണമാക്കി നാമാവശേഷമാക്കുകയും, ക്രമേണ മദീനയിൽ നിന്ന് സിറിയയിലേക്ക് ഇസ്ലാമിക ഭരണത്തിന്റെ ആസ്ഥാനം മാറ്റുകയും ചെയ്തപ്പോൾ - ഇസ്ലാമിനെ അഹ്ലുസ്സുന്നത്ത് എന്ന സുന്നിമതമാക്കി മാറ്റിയപ്പോൾ മറ്റു മതക്കാർക്ക് ഇസ്ലാമിൽ ചേക്കേറുക എളുപ്പമായില്ല. കാരണം ഇസ്ലാം എന്നതിനെ ഒരു അറേബ്യൻ സുന്നി പ്രസ്ഥാനമാക്കി മുആവിയയും മകൻ യസീദും തങ്ങളുടെ 30 വർഷത്തെ രാജഭരണത്തിലൂടെ സാവധാനം മാറ്റി മറിച്ചിരുന്നു. അഞ്ചുനേരം അറബി ഭാഷയിൽ പ്രാർത്ഥിക്കണം, അഞ്ചുനേരം അറബി ഭാഷയിൽ ബാങ്ക് വിളിക്കണം, ലിംഗാഗ്രചർമ്മം ഛേദിക്കണം (ചേലാകർമ്മം ചെയ്യണം) അഞ്ചുനേരം പള്ളിയിൽ പോയി നമസ്കരിക്കാൻ പറ്റിയിട്ടില്ലെങ്കിലും, അഞ്ചുനേരം അറബി ഭാഷയിൽ പ്രാർത്ഥിക്കുന്ന സുന്നികൾക്ക് മാത്രമേ, സ്വർഗ്ഗമുള്ളൂ എന്ന് വിശ്വസിക്കണം. അഞ്ചുനേരവും പ്രാർത്ഥിക്കുമ്പോൾ മരിച്ചുപോയ നബിയെ വിളിച്ച് ഒരു സലാം (അസ്സലാമുഅലൈക്കും) പറയണം. ഖുർആനോ, നബിയോ പഠിപ്പിക്കാത്ത ആമീൻ പറഞ്ഞ് പ്രാർത്ഥിക്കണം. മുഹമ്മദ് നബി മാത്രമാണ് സർവ്വലോകത്തിനും അനുഗ്രഹമായ നബി, ഇസ്ലാമിന്റെ വരവോടുകൂടി (സുന്നിമതത്തിന്റെ വരവോടുകൂടി) ഭൂമിയിലുള്ള എല്ലാ മറ്റുമതങ്ങളും, വേദഗ്രന്ഥങ്ങളും അപ്രസക്തമായി. അതുകൊണ്ട് ലോകമതക്കാരെല്ലാം അവരുടെ മതങ്ങളുപേക്ഷിച്ച് സുന്നിമതത്തിൽ ചേക്കേറിയാലേ രക്ഷയുള്ളൂ എന്നൊക്കെ വിശ്വസിക്കുകയും പ്രചരിപ്പിക്കുകയും അതിനനുസരിച്ച് പ്രവർത്തിക്കുകയും വേണം. ഈ രീതിയിൽ നബിയുടെ പേരിൽ കള്ള ഹദീസുകൾ ഉണ്ടാക്കി (കള്ളവാർത്തകൾ ഉണ്ടാക്കി അതൊരു പ്രമാണമാക്കി ഇസ്ലാമിന്റെ സുന്ദരമായ മുഖം മുആവിയയും മക്കളും അമവി ഗവർണർമാരും വികലമാക്കി. ഇസ്ലാം അങ്ങനെ അഹ്ലുസ്സുന്നത്തുവൽ ജമാഅത്ത് എന്ന സുന്നിമതമായി 92 വർഷംകൊണ്ട് ക്രമേണ മാറിമറിഞ്ഞു. **മുസ്ലിംകൾ എന്ന നിലക്ക് നബിയും, ഖലീഫമാരും തങ്ങളുടെ പ്രജകൾക്ക് നൽകിയിരുന്ന എല്ലാ ആനുകൂല്യങ്ങളും, അഹ്ലുസ്സുന്നത്തുവൽ ജമാഅത്ത് എന്ന സുന്നിമതം ആചരിക്കുന്നവർക്ക് മാത്രമേ കിട്ടുകയുള്ളൂ എന്ന ഒരു നില വരുകയും ചെയ്തു.** ഇങ്ങനെ നബി കൊണ്ടുവന്ന ഇസ്ലാമിക പ്രസ്ഥാനത്തെ ഒരു അറേബ്യൻ ആചാരമതമാക്കി - അറബിസം പ്രോത്സാഹിപ്പിക്കുന്ന ഒരു മത

മാക്കി മുആവിയ മാറ്റിമറിച്ചപ്പോൾ ഖുർആന് അതിന്റെ വിപ്ലവമുഖം നഷ്ടപ്പെട്ടു. ഇസ്‌ലാമിൽ ചേക്കേറാൻ അന്യനാട്ടുകാർ മടിച്ചു. മുആവിയയുടെ ഒരു ഉദ്ദേശവും അതുതന്നെയായിരുന്നല്ലോ. ഖലീഫാ ഉമറിന്റെ മരണശേഷം പിന്നീട് ഇസ്‌ലാം പെറ്റുമാത്രം പെരുകുന്ന ഒരു മതമായി മാറി. അഹ്‌ലുസ്സുന്നത്തിന്റെ ഈ ചിന്താഗതികൾ ഖുർആൻ വിരുദ്ധമാണെന്നും അത് നബി പഠിപ്പിച്ചതല്ലെന്നും ഉള്ള സത്യാവസ്ഥ പുറത്തറിയാതിരിക്കാൻ അദ്ദേഹം ഖുർആൻ പഠനം ക്രമേണ നിരുത്സാഹപ്പെടുത്തുകയും, ഖുർആൻ പരിഭാഷ ഹറാമാക്കുകയും പിന്നീട് ഖുർആൻ തന്നെ ക്രമേണ ദുർബ്ബലപ്പെടുത്തുകയും ചെയ്തു. അതോടുകൂടി ഇസ്‌ലാം പെറ്റുമാത്രം പെരുകുന്ന ഒരു മതമായി മാറി. ഖലീഫാ ഉമറിന്റെ ഭരണശേഷം ഇസ്‌ലാമും, മുസ്‌ലിംകളും, ക്രിസ്ത്യാനികളെപ്പോലെ പെറ്റുമാത്രം പെരുകുന്ന ഒരു മതമായി മാറി. പിന്നീട് തുർക്കിയിലും, സ്പെയിനിലും, യൂറോപ്പിലും, ഇന്ത്യയിലും, ശ്രീലങ്കയിലുമൊക്കെ സുന്നിമതം വളർന്നിട്ടുണ്ടെങ്കിൽ - മതംമാറ്റം നടന്നിട്ടുണ്ടെങ്കിൽ ഈ ചരിത്രസംഭവങ്ങളൊന്നുമറിയാത്ത നിഷ്കളങ്കരായ ചില മുസ്‌ലിംരാജാക്കന്മാരുടെ നല്ലമനസ്സിന്റെ ഗുണംകൊണ്ടുമാത്രമായിരുന്നു. അല്ലെങ്കിൽ നമ്മുടെ നാട്ടിലെ അയിത്തം, തൊട്ടുകൂടായ്മ, ഹരിജൻസ്ത്രീകളുടെ മാറിട പ്രദർശനം, ജാതിവ്യവസ്ഥ, സതി തുടങ്ങിയ ദുരാചാരങ്ങളിൽ മനംമടുത്ത, പറ്റെ അധഃകൃതരായ വർഗ്ഗം മാത്രമാണ് പിന്നീട് മുസ്‌ലിംകളായത്. അതും അഞ്ചുനേരത്തെ നമസ്കാരത്തിലും, ബാങ്കിലും, ആമീനിലും, ചേലാകർമ്മത്തിലും അവർക്കറിയാത്ത അറബിഭാഷയിൽ എന്തോ പിറുപിറുക്കുന്നതിലും, എന്തോ ചന്തമുണ്ടെന്ന് തോന്നിയിട്ടായിരുന്നില്ല പ്രത്യുത 'തമ്മിൽ ഭേദം തൊമ്മൻ' എന്ന നിലപാട് സ്വീകരിച്ചായിരുന്നു. ഇസ്‌ലാം മതത്തിൽ ചേർന്നാൽ സ്വന്തം സഹോദരങ്ങളെപ്പോലെ കണക്കാക്കിയിരുന്ന - നീതിയും ന്യായവും, നന്മയും നിറഞ്ഞ ചില മുസ്‌ലിം ഭരണാധികാരികളുടെയും, കുടുംബങ്ങളുടെയും, ആശ്രയവും, സ്നേഹവും, സഹകരണവും, മുന്നിൽ കണ്ടിട്ട് മാത്രമായിരുന്നു.

# സമർപ്പണം:

ഖുർആൻ കൊണ്ട് ധർമ്മസമരം നടത്താൻ ഞങ്ങളെ പഠിപ്പിച്ച ഞങ്ങളുടെ പ്രിയപ്പെട്ട ***ചേകന്നൂർ മൗലവിക്ക്***

## ചരിത്രം സൃഷ്ടിച്ച ഗ്രന്ഥങ്ങൾ....!
## ചേകന്നൂർ മൗലവിയുടെ ഗ്രന്ഥങ്ങൾ...!

- പ്രമാണയോഗ്യമായ ഹദീസേത്?
- അബൂഹുറൈറയുടെ തനിനിറം?
- നമസ്കാരം എങ്ങനെ? എത്ര? എപ്പോൾ?
- ഖുർആനിൽ നമസ്കാരത്തിനുള്ള സ്ഥാനം. (അഞ്ചുനേരത്തെ നമസ്കാരം ഖുർആനിൽ എന്ന സി.എൻ.അഹമ്മദ് മൗലവിയുടെ ഗ്രന്ഥത്തിനുള്ള മറുപടി)
- ഖുർആനിൽ നമസ്കാരം മൂന്ന് മാത്രം
  സി.എൻ. മൗലവിക്ക് ചുട്ടമറുപടി (രണ്ടാം ഭാഗം)
- ഖുർആനിലെ പിൻതുടർച്ചാനിയമം
- ഖുത്തുബ പരിഭാഷയും സ്ത്രീകളുടെ ജുമുഅയും
- തറാവീഹ് നബിക്ക് മാത്രം
- ഖുർആനിലെ ഹജ്ജ്
- ഖുർആൻ വിരുദ്ധ ബാങ്കും ജമാഅത്തും
- ഇസ്ലാം കാര്യം പത്ത്
- ഖുർആനിലെ നമസ്കാരരൂപം
- സർവമത സത്യവാദം ഖുർആനിൽ
- ഇസ്രാഉം മിഅ്റാജും
- നബിയുടെ പേരിൽ സ്വലാത്തു ചൊല്ലൽ എങ്ങനെ?
- ബുഖാരിയും മുസ്ലിമും ലോകപൊള്ളന്മാർ?
- ഇന്ത്യൻ ശരീഅത്തും ഇസ്ലാമിക ശരീഅത്തും സുപ്രീംകോർട്ട് വിധിയും
- സലാം സുല്ലമിക്ക് സമുചിത മറുപടി
- മുസ്ലിം പിന്തുടർച്ചാ നിയമം - വിമർശകർക്ക് മറുപടി

## ഖുർആൻ സുന്നത്ത് സൊസൈറ്റിയുടെ മറ്റു പ്രസിദ്ധീകരണങ്ങൾ

1. ചേലാകർമ്മം അനിസ്ലാമികം *(ഡോ. എം. അബ്ദുൾ ജലീൽ, പുറ്റേക്കാട് )*
2. ചേകന്നൂർ മൗലവിയുടെ ഖുർആനിക ദർശനങ്ങൾ *(ഡോ. എം. അബ്ദുൾ ജലീൽ, പുറ്റേക്കാട് )*
3. ഇസ്ലാമും ജനാധിപത്യവും *(ഡോ. എം. അബ്ദുൾ ജലീൽ, പുറ്റേക്കാട് )*
4. വിശുദ്ധ ഖുർആൻ - മുസ്ലിംകളുടെ ഒരേയൊരു പ്രമാണ ഗ്രന്ഥം *(ഡോ. എം. അബ്ദുൾ ജലീൽ, പുറ്റേക്കാട് )*
5. ആമീൻ എന്ന ഖുർആൻ വിരുദ്ധ പ്രാർത്ഥനാ മൊഴിയും വിഗ്രഹാരാധനയും *(ഡോ. എം. അബ്ദുൾ ജലീൽ, പുറ്റേക്കാട് )*
6 ഹദീസുകളുടെ പ്രാമാണികത *(എം.പി. മുഹമ്മദുണ്ണി മൗലവി മാറഞ്ചേരി)*
7. ഈ ഹദീസുകൾ ആർക്കു വേണ്ടി *(പി.സി. മുഹമ്മദ് കുട്ടി ഹാജി)*
8. ചേകന്നൂർ മൗലവിയുടെ ആദർശ പടയോട്ടം *(മൗലവി യൂസുഫ് കരുനാഗപ്പള്ളി )*
9. ഇസ്ലാമിലെ ചിന്താ പ്രസ്ഥാനങ്ങൾ *(മുഹമ്മദുണ്ണി മൗലവി )*
10. ഹസ്രത്ത് അലി *(മുഹമ്മദുണ്ണി മൗലവി )*
11. വേദദർശനം മാസിക
12. ഇസ്ലാമിൽ നടന്ന ഗുരുതമായ അട്ടിമറികൾ (ഇസ്ലാമിലേക്കുള്ള പാത) വിശുദ്ധ ഖുർആനെയും, ഖുർആൻ സുന്നത്ത് പ്രസ്ഥാനത്തെയും പരിചയപ്പെടുത്തുന്ന 50 മണിക്കൂർ ദൈർഘ്യമുള്ള പ്രഭാഷണപരമ്പര. ഓഡിയോ സി.ഡി. (MP3 ഫോർമാറ്റ് )
13. മരണമില്ലാത്ത മൗലവി ചേകന്നൂർ (വി.സി.ഡി.)

# ഖുർആനിലെ ചില അടിസ്ഥാന സിദ്ധാന്തങ്ങൾ

■ അല്ലാഹുവിനെ അറിഞ്ഞവർക്ക്; ഈശ്വരനെ മനസ്സിലാക്കിയവർക്ക് (അഥവാ ബ്രഹ്മത്തെ അറിഞ്ഞവർക്ക്- ബ്രാഹ്മണർക്ക്- അഥവാ മുസ്ലിംകൾക്ക് മതം മാറാൻ സാധ്യമല്ലെന്ന് വിശുദ്ധ ഖുർആൻ...!

■ അല്ലാഹുവിനെ അറിഞ്ഞവർ; ഈശ്വരനെ അറിഞ്ഞവർ (അഥവാ ബ്രഹ്മത്തെ അറിഞ്ഞവർ - ബ്രാഹ്മണർ- അഥവാ മുസ്ലിംകൾ എല്ലാ മതക്കാരിലുമുണ്ടെന്ന് വിശുദ്ധ ഖുർആൻ...!

■ നിർബന്ധിത മതപരിവർത്തനം ഖുർആൻ വിരുദ്ധം അഥവാ അനിസ്ലാമികം......!

■ പ്രലോഭന മതപരിവർത്തനം ഖുർആൻ വിരുദ്ധം...!

■ മുപ്പത് തെറ്റുകളുള്ള അഞ്ച് നേര നമസ്കാരം ഖുർആൻ വിരുദ്ധം അഥവാ അനിസ്ലാമികം....!

■ പത്ത് തെറ്റുകളുള്ള സുന്നി, ശിയാ ബാങ്കുവിളികൾ ഖുർആൻ വിരുദ്ധം അഥവാ അനിസ്ലാമികം....!

■ ഖുർആൻ പഠിപ്പിക്കാത്ത - ഖുർആൻ ബഹിഷ്കരിച്ച - പൗരോഹിത്യ ചിഹ്നമായ 'ആമീൻ' എന്ന ശിർക്കൻ പ്രാർത്ഥന ഖുർആൻ വിരുദ്ധം അഥവാ അനിസ്ലാമികം....!

■ മൂന്ന് നേരമായാലും അർത്ഥമറിയാതെ അറബിഭാഷയിൽ പ്രാർത്ഥിക്കുന്നത് ഖുർആൻ വിരുദ്ധം അഥവാ അനിസ്ലാമികം....!

■ അറബിഭാഷയിലായാലും മറ്റേതുഭാഷയിലായാലും എന്താണു നമസ്കാരം, എന്തിനാണ് നമസ്കാരം, എന്താണ് പറയുന്നത്, എന്തിനാണ് പ്രാർത്ഥിക്കുന്നത് എന്നറിയാതെ നമസ്കാരത്തോട് അടുക്കരുതെന്ന് വിശുദ്ധ ഖുർആൻ....!

■ ഹജ്ജിലെ കല്ലേറും കല്ല് ചുംബനവും ഖുർആൻ വിരുദ്ധം അഥവാ അനിസ്ലാമികം....!

■ പരോപകാരമുള്ള പുണ്യകർമ്മങ്ങൾ ചെയ്യാതെ നമസ്കാരം, നോമ്പ്, ഹജ്ജ് എന്നീ കേവലാരാധനകൾ കൊണ്ട് മാത്രം പാപം പൊറുക്കുമെന്നോ സ്വർഗത്തിൽ കയറിക്കൂടാമെന്നോ ആരും വ്യാമോഹിക്കേണ്ടതില്ല എന്ന് വിശുദ്ധ ഖുർആൻ....!

■ ഹജ്ജ് കൊണ്ട് പാപം പൊറുക്കുമെന്ന വിശ്വാസം- ഹജ്ജ് ചെയ്തവൻ അന്ന് പെറ്റ കുട്ടിയെപ്പോലെയായി എന്ന സിദ്ധാന്തം - ഖുർആൻ വിരുദ്ധം അഥവാ അനിസ്ലാമികം....!

■ പ്രാർത്ഥനയ്ക്കുത്തരം കിട്ടുന്ന പ്രത്യേക സ്ഥലങ്ങൾ ലോകത്തിലെവിടെയും; സാക്ഷാൽ മക്കാ - മദീനയിൽപോലും ഉണ്ടെന്ന് ഖുർആൻ പഠിപ്പിക്കുന്നില്ല. തന്റെ ഇഷ്ടദാസന്റെ പ്രാർത്ഥന ഈ പ്രപഞ്ചത്തിൽ എവിടെനിന്നും എപ്പോൾ വിളിച്ചാലും ദൈവം ഒരുപോലെ കേൾക്കുമെന്ന് വിശുദ്ധ ഖുർആൻ....!

■ മൂന്ന് തലാഖ് എന്നാൽ മൂന്ന് അവസരമാണെന്ന് മൗലവി ചേകന്നൂർ.....! ഒരേ സമയം 'തലാഖ് തലാഖ് തലാഖ്' എന്ന് മൂന്ന് പ്രാവശ്യം ചൊല്ലി വിവാഹബന്ധം വേർപ്പെടുത്തുന്ന അറുവഷളൻ കാടൻ ശരീഅത്ത് അനിസ്ലാമികമെന്ന് വിശുദ്ധ ഖുർആൻ. ഒരു സ്ത്രീയെ ഒരേ സമയം മൂന്ന് തവണ വിവാഹം ചെയ്യാൻ പറ്റാത്തതുപോലെ ഒരൊറ്റയിരുപ്പിൽ ഒരു ഭാര്യയെ മൂന്ന് തവണ തലാഖ് ചൊല്ലാനും പറ്റില്ലെന്ന് വിശുദ്ധ ഖുർആൻ.

■ 'ജുമുഅ' ഒഴികെ നിത്യേനയുള്ള അഞ്ചുനേര അപ്രായോഗിക സംഘടിത നമസ്കാരങ്ങൾ ഖുർആൻ വിരുദ്ധം. നിത്യവും അഞ്ചുനേരം 'ജുമുഅ' നടത്തൽ (ജമാഅത്ത്) ഖുർആൻ വിരുദ്ധം....! അത്തരം അപ്രായോഗികമായ ഒരു ദുരാചാരം നബിയുടെയും ഖുർആനിന്റെയും പേരിൽ പഠിപ്പിക്കുന്നതും പ്രചരിപ്പിക്കുന്നതും, മുല്ലാക്കക്കും മുക്രിക്കും ശമ്പളം കൊടുത്ത് ആ സുന്നി മതം നില നിർത്തുന്നതും നബിയെയും വിശുദ്ധ ഖുർആനെയും കളിയാക്കുന്നതിന് തുല്യം....!

■ സ്ത്രീകളുടെ മുഖവും മുൻകൈയും മറക്കുന്ന അറേബ്യൻ പരമ്പരാഗത വസ്ത്രമായ പർദ മുസ്ലിംകളുടെ ഔദ്യോഗിക വസ്ത്രധാരണമല്ല. പർദ അനിസ്ലാമികം....!

■ ഖുർആൻ പഠിപ്പിക്കാത്ത മതാചാരങ്ങൾ 'ഇസ്ലാമികം' എന്ന പേരിൽ - ദൈവത്തിന്റെ പേരിൽ - പഠിപ്പിക്കുന്നതും പ്രചരിപ്പിക്കുന്നതും വമ്പിച്ച അപരാധമാണെന്ന് (ശിർക്കുപോലെ വൻകുറ്റമാണെന്ന്) വിശുദ്ധ ഖുർആൻ....!

■ വിശുദ്ധ ഖുർആനിലെ അടിസ്ഥാന സിദ്ധാന്തങ്ങളിൽ നിന്ന് വ്യതിചലിക്കാതെ - തൗഹീദിൽ നിന്ന് വ്യതിചലിക്കാതെ - ഇസ്ലാം മതത്തിൽ എന്തു പരിഷ്കാര പ്രവർത്തനങ്ങളും നടപ്പിലാക്കാമെന്ന് വിശുദ്ധ ഖുർആൻ....!

■ നിങ്ങളിൽ നിന്നുള്ള അതാത് കാലത്തെ സച്ചരിതരായ പണ്ഡിതന്മാരെയും ഭരണകർത്താക്കളെയും അനുസരിച്ച് ജീവിക്കണമെന്ന് വിശുദ്ധ ഖുർആൻ....!

■ വിശുദ്ധ ഖുർആനോ മുഹമ്മദ് നബിയോ പഠിപ്പിക്കാത്ത ചേലാകർമം എന്ന അറേബ്യൻ സുന്നത്ത് കർമം ഖുർആൻ വിരുദ്ധം - അഥവാ അനിസ്ലാമികം....!

■ ചേകന്നൂർ മൗലവിയുടെ ചരിത്രം സൃഷ്ടിച്ച ഗ്രന്ഥങ്ങളുടെ ജൈത്രയാത്ര തുടരുന്നു....!

■ ചേകന്നൂർ മൗലവിയുടെ ഖുർആനിക ദർശനങ്ങൾ തുടരുന്നു.....!